# പ്രണാമം

## REV. FR. THEODOSIUS, CMI

1911 - 2011



A CENTENNIAL TRIBUTE FROM STUDENTS, COLLEAGUES & FRIENDS

# ഗുരുവന്ദനം

വിഷ്ണുനാരായണൻ നമ്പൂതിരി

അഗ്നിയാകുന്നു പുരോഹിതൻ, വിദ്യയും
അഗ്നിയാണെന്നു വേദം പഠിപ്പിക്കുന്നു.
ഫാദർ തിയോഡോഷിയസ്സെന്ന പേരിന്റെ
ഏഴക്ഷരങ്ങളും ജ്വാലകളാം വിധം
ഏതൊരാൾ അഗ്നിപ്രഭാവനാം ആചാര്യൻ
ദേവഗിരിയിലെ ജ്ഞാനാശ്രമാധിപൻ
അമ്പതി വത്സരം മുമ്പിളം കൺകളിൽ
അൻപിനാൽ കൈവല്യദീപം തെളിയിച്ചു.
രാവിൻ പുലർച്ചയായ്, നോവിൻ ആശ്വസമായ്,
ചോടിലുറപ്പായ്, നിനവിൽ പ്രതീക്ഷയായ്,
വേരിന്നു, പച്ചപ്പൊടിപ്പായ്, തളിരിടുന്നു
പൂവും കനിയും തരും ഋതുവേളയായ്,
നാടിനെക്കാലവും പൂർണ്ണ മനുഷ്യന്റെ
മാതൃകയാകുമോ സദ്ഗുരു വര്യനെ
സാക്ഷാത്കരിക്കുക നമ്മൾ സശ്രദ്ധമായ്!
കാൽക്കൽ നമിക്കുക നമ്മൾ സാഷ്ടാംഗമായ്!!



*In prayerful homage to*

# REV. FR. THEODOSIUS, CMI

(FIRST PRINCIPAL, ST. JOSEPH'S COLLEGE, DEVAGIRI)

NOVEMBER 5, 1911 ..... NOVEMBER 10, 1963



DHARMARAM COLLEGE
LIBRARY
BANGALORE-29



# FOREWORD

It is difficult to speak or write in terms of moderation of the first Principal of Devagiri St. Joseph's College, Fr. Theodosius: whoever had come in contact with the Father was just literally bowled over by the magical nature of his personality. Fr. Theodosius was not just a run-of-the-mill Principal; he was truly a visionary who gave a great surge to the development of the then very backward Malabar region of this State. In his time, there were four full-fledged hostels, fulfilling his dream of a comprehensively residential campus in the Cardinal Newman mould. He laid great emphasis on well-integrated personality development. Regular arts and literary festivals were conducted unfailingly in his day which drew to the Devagiri Campus the tallest in the field from all over the State, figures, for example, like P.Kunhiraman Nair and Vyloppilly Sreedhara Menon, and Gyanpeeth awardees G.Sankara Kurup, S.K.Pottekkat and M.T.Vasudevan Nair. In sports and athletics the College rose to great heights and captured laurels in many field-events and in games like football, basketball and volleyball. Fr. Theodosius, in fine, had managed to convert the Devagiri campus into a veritable Mecca of academic, athletic and literary achievers. He was very humane in his dealings with the poor and the needy among students, and there were many instances when he waived their tuition fees, making it possible for every student to complete his course without anxieties about fee payment. Moreover, in all cultural and social activities in the city of Calicut, Fr. Theodosius stood head and shoulders above others, both literally and metaphorically. It will certainly not be a tall claim to suggest that it is the vision of Fr. Theodosius that got fulfilled in 2010 when Devagiri was adjudged the second-best Arts and Science College in India by the distinguished experts of NAAC.

The articles that we have managed to compile are an eloquent, though inadequate, tribute to the memory of this great soul in the Centennial year of his birth, 2011. Some of them were written by Fr. Theodosius' colleagues, who have later followed him, as it were, to God's Abode. These have been reproduced from the College magazine and we are thankful to the College authorities for their kind permission. So are we thankful to the students and colleagues of Fr Theodosius who have survived to the centenary year of his birth and still retain their feelings for their dear Principal. Special mention must be made of Mar Paul Chittilappilly, former bishop of Thamarassery, Dr Sukumar Azhikode, Dr M.G.S. Narayanan, Dr K. Madhavan Kutty and Dr A. Ramanathan who have so willingly penned their memories of Fr Theodosius. We would also make a special mention of the substantial contributions made by the Provincial Fr. John Panathottam, CMI, and the Karippaparambil family to the Memorial Committee, which gave us the confidence to go ahead with the compilation of this volume. One person who has laboured the most to make this volume take shape is Shri M. Radhakrishnan Nair, the secretary of the Committee. Endowed with a phenomenal memory, he went about the job with single-minded perseverance. It would be a grave, unforgiveable omission on my part if I fail to mention the 'professional' skill of Sri. P.J. Mathew that has lent this volume of tributes its elegance, finesse and distinctive flavour.

It is to preserve for posterity's sake the idea of excellence Fr. Theodosius so perfectly exemplified that we have put together this volume of *pranaams.* Almost half a century later still, in every sand dune in Devagiri, in every speck of life here, one can still feel the live and vibrant presence of the great man. May Fr. Theodosius' soul rest in the eternal world in perpetual glory!

**Prof. P.K.G. Vijayaram**


## Editorial Board

Prof. P.K.G. Vijayaram, Chairman • Shri P. J. Mathew, Editor • Fr. Jose Edappadiyil, CMI • Shri M. Radhakrishnan Nair • Shri V. Narayanan
Prof. P. Jayendran • Shri P.P. Viswanathan • Shri. Sam Thomas



# പ്രണാമം

## CONTENTS
(by author's name)


ഫാ. ജോൺ പനന്തോട്ടം • 4
പ്രൊഫ. സുകുമാർ അഴീക്കോട് • 6
മാർ പോൾ ചിറ്റിലപ്പിള്ളി • 11
പ്രൊഫ. എം. ജി. എസ്. നാരായണൻ • 15
പ്രൊഫ. ത്രേസ്യാമ്മ കുര്യൻ കരിപ്പാച്ചേരി • 20
ഫാ. ബെന്നി തോട്ടനാനി • 23
എം. രാധാകൃഷ്ണൻ നായർ • 25
തായാട്ടു ശങ്കരൻ • 28
ഫാ. ഡോ: ചെറിയാൻ കുനിയന്തോടത്ത് • 39
പ്രൊഫ. മാത്യു കെ. കാപ്പൻ • 40
ജോസഫ് പുലിക്കുന്നേൽ • 54
വിഷ്ണുനാരായണൻ നമ്പൂതിരി • 56
പ്രൊഫ. ദേവസ്യ തകടിയേൽ • 66
പി.സി. ഏബ്രഹാം • 73
ഡോ: ഏ.കെ. രാജൻ • 82
പി. ജെ. മാത്യു • 84
ശിവപുരം സി.പി. ഉണ്ണിനാണു നായർ • 86
പി. എം. ശിവരാമൻ അടിയോടി • 88
പി.പി. വിശ്വനാഥൻ • 89
സി. കൃഷ്ണൻ നമ്പൂതിരി • 90
സാം തോമസ് • 93
എം.ജെ. ആന്റണി • 94
കെ.എ. വർഗ്ഗീസ് • 95
കമാൻഡർ പി. ദാമോദരൻ • 96
പി.എം. മത്തായി • 97
കെ. എഫ്. ജോർജ്ജ് • 99
സെക്രട്ടറിയുടെ റിപ്പോർട്ട് • 102

Prof. C.A. Sheppard • 9
Fr. Joseph Ivans, OCD • 16
Dr. K.T. Vijayamadhavan • 30
M. Mohankumar, IAS • 34
Fr. Sebastian Poonolly, CMI • 36
Lt. Col. K. V. Parameswaran • 38
C. Madhavan • 43
Prof. P.K.G. Vijayaram • 44
Dr. J. V. Vilanilam • 46
Dr. K. Madhavan Kutty • 50
V. Vijayachandran, IAS • 51
Prof. Ninan Thomas • 53
M. Krishna Kumar • 55
Dr. A. Ramanathan • 59
Prof. K.P. Balakrishnan • 60
C.K.Ramachandran, IAS. • 62
Prof. George Menachery • 64
Lt. Col. P.N. Ayillyath • 65
Prof. M. P. Nambissan • 67
Dr. C. Ashokan Nambiar • 68
Prof. C. A. Augustine • 70
K. Kunhikrishnan • 74
Dr. K.T. Augusti • 76
Dr. K.V. Sreenarayanan • 78
V. Narayanan • 80
Prof. M. K. Mathai • 81
Prof. K.P. Jayachandran • 100





# രൂപകം ജീവിതം

ഫാ. ജോൺ പനന്തോട്ടം

**കവിയുടെ** രൂപകമല്ല വ്യാകരണകാരന്റേത്. തത്വചിന്തകന്റേതാകട്ടെ ഇവ രണ്ടുമല്ല. ഒരു സാധകൻ രൂപകം കണ്ടെത്തുകയാണെങ്കിൽ അത് മേൽപറഞ്ഞതൊന്നുമല്ല ആവുക. ഫാ. തിയോഡോഷ്യസിന്റെ ജീവിതത്തെയും കർമകാണ്ഡത്തെയും സ്വരൂപിക്കുമ്പോൾ അനന്യമായ ഒരു സാർത്ഥക രൂപകം ഉരുത്തിരിയുന്നു. ജീവിതത്തിന്റെ സാധാരണത്വത്തെയും പരിമിതികളെയും അനിശ്ചിതത്വത്തെയുമെല്ലാം അതിവർത്തിക്കുന്ന, ആഴങ്ങളെയും ഉയരങ്ങളേയും ഒരുപോലെ സ്വാംശീകരിക്കുന്ന കനിവിനേയും സ്നേഹത്തെയും സമഭാവനയേയും ഉദാത്തവൽക്കരിക്കുന്ന, അതിജീവിതമെന്ന ഒന്നു സാദ്ധ്യമെങ്കിൽ അതിനെ സാക്ഷാത്ക്കരിക്കുന്ന ഒരു വിശുദ്ധ രൂപകം. ഫാ. തിയോഡോഷ്യസ് എന്നത് പവിത്രമായ ജീവിതത്തിന്റെ മറ്റൊരു പേരാവുന്നത് അങ്ങനെയാണ്.

പിൻഗാമികൾ മറന്നുപോവുന്നതുവരെ മരിച്ചുപോയവരാരും മരിക്കുന്നില്ലെന്ന് മിലൻ കുന്ദേര എഴുതിയിട്ടുണ്ട്. ഓർമ ആത്മീയമായ ഒരു ഉത്തരവാദിത്വവും കടമയുമാവുന്നത് ജീവിതം ഒരു ഉടമ്പടിയും സാധനയുമായി തിരിച്ചറിഞ്ഞിട്ടുള്ളവർക്ക് മാത്രമാണ്. അത്തരത്തിൽ കാതലുള്ള വലിയൊരു കൂട്ടം വ്യക്തികളെ സൃഷ്ടിക്കുകയും അവരുടെയെല്ലാം വാഴ്വിനും വൃത്തികൾക്കും ദിശാസൂചകമാവുകയും, അവരുടെ അയനങ്ങൾക്കു ധ്രുവദീപ്തിയാവുകയും ചെയ്തുവെന്നതാണ് തിയോഡോഷ്യസച്ചനെന്ന രൂപകത്തിന്റെ സൗന്ദര്യം. അനാദിയും അങ്ങനെ നിത്യവുമായി മാറിയ ഒരു ജീവിതത്തിന്റെ ധന്യതയാണത്.

ലഭ്യമായ അളവുകോലുകൾകൊണ്ടും സൂചകങ്ങൾകൊണ്ടും ഒരാളെ അടയാളപ്പെടുത്താൻ കഴിയാതെ വരുന്നത് അയാൾ തനിക്കുമപ്പുറത്തേക്കു പ്രവഹിച്ചും പൂവിട്ടും നിൽക്കുമ്പോഴാണ്. നൽകപ്പെടുന്ന നാമങ്ങളും സമർപ്പിക്കപ്പെടുന്ന അംഗീകാരങ്ങളും അപ്പോൾ മതിയാവാതെ വരുന്നു. അനുസ്മരണങ്ങളെ അപൂർണമാക്കിക്കൊണ്ട് അച്ചൻ കറുത്ത ഫ്രെയിമുള്ള കണ്ണടയ്ക്കുള്ളിലൂടെ പുഞ്ചിരിതൂകിക്കൊണ്ടേയിരിക്കുന്നു. മരണത്തെ മഹിതജീവിതമാക്കുന്ന രാസവിദ്യയെക്കുറിച്ച് ബാലചന്ദ്രൻ ചുള്ളിക്കാട് കവിത കുറിച്ചിട്ടുണ്ട്. തന്റെ ദർശനം കൊണ്ടും സമർപ്പണംകൊണ്ടും തീക്ഷ്ണതകൊണ്ടും ഒരു സമുന്നത സംസ്കാരത്തിനും പൈതൃകത്തിനും നിദാനമായിത്തീർന്ന് അമരത്വമായി ജീവിതത്തെ പരിവർത്തിപ്പിക്കുകയായിരുന്നു ഫാ. തിയോഡോഷ്യസ്.

അച്ചന്റെ കാലവും ദേശവും സന്ദർഭവും അദ്ദേഹത്തിനായി പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. കേവലം ഒരു കലാലയമേധാവിയും സ്ഥാപന സാരഥിയും അദ്ധ്യാപകനും മാത്രമായല്ല തിയോഡോഷ്യസെന്ന പ്രതിഭാസം സംഭവിച്ചത്.

പ്രൊഫ. സി.എ. ഷെപ്പേർഡ് അതിനെ അടയാളപ്പെടുത്തിയത് ഇങ്ങനെയാണ്: Liberal is a word that also means 'cultured' and a college exists to promote that through contact with knowledge. Father Theodosius had it; he was it. Nothing that happens in the years to come can ever destroy it, nothing can even destroy him and make him die except our dishonouring and destroying the tradition that he gave us.

ദേവഗിരി കോളേജിന്റെ നിയോഗത്തെ പ്രതിഷ്ഠിക്കുകയും അതിനെ മലബാറിന്റെ സാമൂഹ്യ-സാംസ്കാരിക ഭൂമികയിലെ സവിശേഷതയാർന്ന കാലമാപിനിയാക്കിത്തീർക്കുകയുമായിരുന്നു തിയോഡോഷ്യസച്ചൻ. ഏതൊരു ധൈഷണികവിപ്ലവത്തെ വാഴ്ത്തപ്പെട്ട ചാവറയച്ചൻ നിദർശനം ചെയ്തുവോ അതേ ധൈഷണിക വിപ്ലവത്തെ യാഥാർത്ഥ്യവൽക്കരിക്കുകയും ഉദാഹരിക്കുകയും ചെയ്യുകയായിരുന്നു ദേവഗിരിയിൽ ഫാ. തിയോഡോഷ്യസ്. ഭാരതത്തിന്റെ ഗുരു-ശിഷ്യ പാരസ്പര്യത്തിന്റെ ഉത്തുംഗമാതൃകയായി ശ്രീരാമകൃഷ്ണനെയും സ്വാമി വിവേകാനന്ദനെയും ഏതു വിധത്തിൽ നമ്മൾ അടയാളപ്പെടുത്തുന്നുവോ അതേ സ്നേഹവായ്പോടെയല്ലാതെ ചാവറയച്ചന്റെയും ഫാ. തിയോഡോഷ്യസിന്റെയും ആത്മീയ സാമഞ്ജസ്യത്തെ സ്മരിക്കുവാനാവില്ല. പള്ളിക്കൊപ്പം പള്ളിക്കൂടവുമുണ്ടാവുന്നതിൽ ആത്മീയമായ വലിയൊരുപമയുണ്ടെന്നറിഞ്ഞ, അറിയിച്ച, ഗുരുനാഥനെത്തന്നെയാണ് ഫാ. തിയോഡോഷ്യസ് ദേവഗിരിയിൽ സാക്ഷാത്ക്കരി ച്ചത്.

തൊള്ളായിരത്തി അമ്പതുകളിൽ തങ്ങൾക്ക് പ്രായേണ അജ്ഞാതമായിരുന്ന മലബാറിന്റെ ഹൃദയഭൂമിയിൽ പുതിയ വിജ്ഞാനത്തിന്റെയും സംസ്കാരത്തിന്റെയും ഒരു കേന്ദ്രം പടുത്തുയർത്താൻ എത്തിയവർ, ആ വാക്കിന്റെ ഏറ്റവും ഗരിമയാർന്ന അർത്ഥത്തിൽ, നിയുക്തർ തന്നെയായിരുന്നു. ഫാ. ഷാബോർ വള്ളുവന്തറയും ഫാ. ഹോർമിസ് പെരുമാലിലും മലബാറിൽ ഒരു കലാലയമെന്ന സ്വപ്നത്തെ ഭൂമിയിൽ പ്രതിഷ്ഠിച്ചു. അന്നത്തെ പ്രയോർ ജനറൽ ഫാ. മൗറുസും പ്രൊവിൻഷ്യൽ ഫാ. ഡാനിയലും ആ നിയോഗത്തെ പിന്തുണച്ചു. ഫാ. റെയ്നോൾഡ്സും ഫാ. സ്റ്റാനിസ്ലാവുസും 'ഫാ. എഞ്ചിനീയർ' ജോസഫ് ഹഡ്രിയാനും കരങ്ങൾ കോർത്തു. കണിയാൻകുന്നെന്ന വിജനവനൃസ്ഥലി ദേവഗിരിയായി ജ്ഞാനസ്നാനം ചെയ്യപ്പെട്ടു. തലമുറകളിലേക്ക് സംസ്കാരത്തെ സംക്രമിപ്പിക്കാൻ ആ കലാലയത്തെ ഉദ്ദീപിപ്പിക്കുകയായിരുന്നു ഫാ. തിയോഡോഷ്യസ്.

പിന്നിട്ട അരനൂറ്റാണ്ടിലേറെ വർഷങ്ങൾ സാക്ഷ്യം പറയുന്ന ധിഷണാപരതയുടെയും, നൈതികതയുടേയും അവബോധത്തിന്റേതുമായ സംസ്കാരത്തിന്റെ പര്യായമായി സ്വയം സാക്ഷാത്ക്കരിക്കാൻ ദേവഗിരി കോളേജിനെ ശാക്തീകരിച്ചത് ഫാ. തിയോഡോഷ്യസിലൂടെ വെളിപ്പെട്ട ഉന്നത മൂല്യബോധവും ദാർശനികതയും കർമദീക്ഷയുമായിരുന്നു. ശിഷ്യരുടെയും സഹപ്രവർത്തകരുടെയും ഓർമകളിലെ ഫാ. തിയോഡോഷ്യസ് അമാനുഷ പ്രഭാവനായിരിക്കുന്നത് അതിമാനുഷ ഗുണങ്ങളുടെ പേരിലല്ലെന്നും മറിച്ച് മാനുഷികതയുടെയും ലാളിത്യത്തിന്റെയും വൈകാരിക സജീവതയുടെയും യാഥാർത്ഥ്യബോധത്തിന്റെയും തനിമയുടെ പേരിലാണെന്നും അദ്ദേഹത്തെ പഠിക്കുന്നവർ അറിയുന്നുണ്ട്.

ഒരു ഗുരുവെന്ന നിലയിൽ അദ്ദേഹം തന്റെ വിഷയങ്ങളോടും അധ്യയനത്തോടുതന്നെയും താദാത്മ്യപ്പെട്ടിരുന്നു. ഒരു പ്രിൻസിപ്പലെന്ന നിലയിലാവട്ടെ, തന്റെ സ്ഥാപനത്തോടുതന്നെയും. അദ്ദേഹത്തിലെ മനുഷ്യൻ അദ്ദേഹത്തിലെ കാർമികനെ പവിത്രീകരിച്ചു. ആ ജീവിതം വിമലവും സുതാര്യവും ഏകാഗ്രവുമായിരുന്നു. അതേ ജീവിതം വലിയ മനുഷ്യനായും വലിയ അദ്ധ്യാപകനായും വലിയ വൈദികനായും വലിയ നേതാവായും പലതായി ആവിഷ്ക്കരിച്ചുകൊണ്ട് ഫാദർ തിയോഡോഷ്യസ് സ്വയം നിർണയിച്ചുകൊണ്ടിരുന്നു. സ്വയം പാഠപുസ്തകവും പാഠവുമായി ആ ജീവിതം പൂർവനിർണയീതമായിരുന്നു.തന്റെ കർമരംഗങ്ങളിലൊന്നൊഴിയാതെ അതുല്യമായ വിജയങ്ങൾ നേടാൻ തിയോഡോഷ്യസച്ചനെ ഒരുക്കിയെടുത്ത പ്രഭാവങ്ങളും വായ്പുകളും ജൈവവും സജീവവുമായ ആത്മീയതയുടേതു തന്നെയെന്നതിൽ സംശയമില്ല. സമഭാവനയും സ്നേഹവും ദയാവായ്പും ത്യാഗസന്നദ്ധതയും ഉണർവും നിശ്ചയദാർഢ്യവും സൂക്ഷ്മതയും കരുതലുമെല്ലാമായി ആ ആത്മീയത അദ്ദേഹത്തിന്റെ ജീവിതത്തിലും പ്രവർത്തനങ്ങളിലും തളിർത്തും പൂവിട്ടും നിന്നു. അവയെല്ലാം അനുഭവിച്ച അദ്ദേഹത്തിന്റെ ശിഷ്യരും സഹപ്രവർത്തകരും ആ ആത്മീയ പ്രസരങ്ങളെ പിൻപറ്റുകയും ഉൾക്കരുത്താർജ്ജിക്കുകയും ചെയ്തു. സംശയമില്ലാതെ പറയാം, സാമൂഹ്യജീവിതത്തെയും അതിന്റെ സത്യങ്ങളെയും വായിച്ചുകൊണ്ടുതന്നെയാണ് അച്ചൻ തന്റെ ആത്മാവിലെ പറുദീസയെ വിവർത്തനം ചെയ്തത്. സ്നേഹം അതിന്റെ ഭാഷയും വൃത്തവും ബിംബാവലിയും ആയിരുന്നു.

അച്ചന്റെയോ സഹപ്രവർത്തകരുടെയോ ഏറ്റവും മഹത്തരമായ തിരുശേഷിപ്പ് ദേവഗിരി കോളേജ് എന്ന കലാലയമല്ല. ആ മാധ്യമത്തിലൂടെ അവർ ആവിഷ്ക്കരിക്കുകയും അചഞ്ചലമാക്കിത്തീർക്കുകയും ചെയ്ത സംസ്കാരവും പൈതൃകവുമാണ്. അത് കാലത്തെയും ദേശത്തെയും അതിവർത്തിച്ചുകൊണ്ട് സ്ഥായിയും അനശ്വരവുമായിത്തീർന്നിരിക്കുന്നു. അത് തുടരെത്തുടരെ വാഗ്ദത്തഭൂമിയുടെ തീരങ്ങളിൽ തിരമാലകളായി തഴുകിയണയുന്നു. അത് കാലത്തെ വീണ്ടും വീണ്ടും വിശുദ്ധീകരിക്കുന്നു.

രൂപകങ്ങളായി മാറിക്കൊണ്ടാണ് അമരത്വം സ്വയം വ്യാഖ്യാനിക്കുന്നതെന്ന് അച്ചന്റെ ജീവിതം വായിച്ചുനോക്കുമ്പോൾ ബോദ്ധ്യം വരുന്നു. അതുകൊണ്ടുതന്നെ ആ ജീവിതത്തിന്റെ തത്വവും പ്രയോഗവും തമ്മിലുള്ള സാകല്യത്തിലെ കാവ്യസൗന്ദര്യം അന്യാദൃശമാകുന്നു.



*സി.എം.ഐ. സഭ
സെന്റ് തോമസ് പ്രോവിൻസിന്റെ
പ്രോവിൻഷ്യാൾ.

# ‘ആകാര സദൃശഃ പ്രജ്ഞഃ’

സുകുമാർ അഴീക്കോട്



**1956 ജൂലൈ മാസത്തിലാണ്** ഞാൻ കോഴിക്കോട് ദേവഗിരി സെന്റ് ജോസഫ്സ് കോളേജിൽ മലയാളാധ്യാപകനായി ചേർന്നത്. ഞാൻ പഠിച്ച കലാലയമായ മംഗലാപുരത്തെ സെന്റ് അലോഷ്യസ് കോളേജിൽ ലക്ചററായിരുന്ന എനിക്ക് മലബാറിൽ കലാലയാധ്യാപകനായി പ്രവർത്തിക്കണമെന്ന് മനസ്സിനടിയിൽ ഒരാഗ്രഹമുണ്ടായിരുന്നു. കോഴിക്കോട് ചേവായൂരിൽ പുതുതായി വരുന്ന മെഡിക്കൽ കോളേജിനടുത്ത് പുതിയൊരു ആർട്സ് കോളേജ് ഫാദർ തിയോഡോഷ്യസ് പ്രിൻസിപ്പലായി തുടങ്ങുന്നുണ്ടെന്ന് പത്രത്തിൽ കണ്ടപ്പോൾ മംഗലാപുരം വിടുക എന്നുതന്നെ തീരുമാനിച്ചു. ഇന്റർവ്യൂവിന് നിശ്ചയിച്ച ദിവസം ഞാൻ സമയത്തിനു തന്നെ സ്ഥലത്തെത്തി. കോഴിക്കോട് നാലാം ഗേറ്റിനടുത്തുള്ള അമലാപുരിയിലായിരുന്നു കോളേജ് മാനേജ്മെന്റിന്റെ ആസ്ഥാനം. ഞാൻ പേടിച്ചതുപോലെയുള്ള ഇന്റർവ്യൂ ഒന്നും അല്ല ഉണ്ടായത്. തമ്മിൽ കണ്ടു. ഉടനെ ചേരണമെന്ന് പ്രിൻസിപ്പലച്ചൻ പറഞ്ഞു.

കോളേജ് അധ്യാപനഘട്ടത്തിലെ രണ്ടാമത്തെ പ്രിൻസിപ്പലിനെയാണ് അന്നു ഞാൻ കണ്ടത്. സെന്റ് അലോഷ്യസിലെ ഫാദർ ജേക്കബും സെന്റ് ജോസഫ്സിലെ ഫാദർ തിയോഡോഷ്യസും. രണ്ടുപേരും മഹാനുഭാവന്മാരായിരുന്നു. പക്ഷേ, ജേക്കബ് ഫാദർ വെളുത്ത് ഉയർന്ന സുമുഖനാണെങ്കിൽ ഫാദർ തിയോഡോഷ്യസ് ‘മേദുര ദീർഘകായ’നും ഗംഭീരനുമാണ്. ബാഹ്യമായ തികഞ്ഞ വൈരുദ്ധ്യം ആത്മാവിനെ ബാധിക്കുന്നില്ലെന്ന് ഇവർ എന്നെ പഠിപ്പിച്ചു. രണ്ടുപേരും സ്നേഹമസൃണമായ സ്വഭാവമുള്ളവർ. ഫാദർ തിയോഡോഷ്യസ് എന്നുപറയുമ്പോൾ അദ്ദേഹത്തിന്റെ പ്രൗഢിയും ഗാംഭീര്യവും തെളിഞ്ഞുവരുന്നതുപോലെ തിയോഡോഷ്യസച്ചൻ എന്നു പറയുമ്പോൾ അദ്ദേഹത്തിന്റെ സ്നേഹശീലവും മനസ്സിലെ അലിവും തെളിയുന്നുണ്ട്, എനിക്കെങ്കിലും.

കോളേജിലെ പല ഔദ്യോഗിക സ്ഥാനങ്ങളിൽ ഒരുപാട് അച്ചന്മാരുണ്ടായിരുന്നു—മാനേജർ ഷാബോറച്ചൻ, വൈസ്-പ്രിൻസിപ്പൽ റെയിനോൾഡ്സ് അച്ചൻ, ഇക്ക്ണോമിക്സ് പ്രൊഫസർ ഫാദർ കൊളംബസ്, ഹിന്ദിയിലെ ഫാദർ മെലാനിയൂസ്, സംസ്കൃത ലക്ചറർ ഫാദർ ഗാസ്റ്റൻ, ബർസാർ സ്റ്റാനിസ്ലാവോസച്ചൻ തുടങ്ങി പലർ. എല്ലാവരേയും ഓർക്കാൻ കഴിഞ്ഞുവെന്നാണ് എന്റെ വിശ്വാസം. അരനൂറ്റാണ്ടിലേറെ കഴിഞ്ഞിട്ടും ഇത്രയും പേരെ സ്മരിക്കാൻ കഴിഞ്ഞതിന് എന്റെ ഓർമ്മശക്തിയേക്കാളേറെ നന്ദി പറയേണ്ടത്, അവരും ഞാനും തമ്മിലുള്ള സ്നേഹബന്ധത്തിന്റെ ഉറപ്പായിരുന്നു.

കോളേജിൽ ആദ്യമായി പ്രവേശിക്കാൻ പ്രിൻസിപ്പലും അധ്യാപകരും വിദ്യാർത്ഥികളും എല്ലാം കോളേജിൽ വന്നിറങ്ങി കുറച്ചു കഴിഞ്ഞപ്പോൾ മേൽച്ചുമരിന്റെ വലിയൊരു ഭാഗം പൊട്ടി വീണു. ഞങ്ങളെല്ലാം കുറച്ചകലെയായിരുന്നു. നല്ല മഴയായിരുന്നു തലേന്നും അന്നും. അങ്ങിനെ പറയാമെങ്കിലും പലർക്കും അത് വളരെ അമംഗളമായിത്തോന്നി. എല്ലാവരും നന്നായി പരിഭ്രമിച്ചു പോയിരുന്നു. പക്ഷേ പ്രിൻസിപ്പലച്ചൻ മാത്രം മുഖത്ത് നിറഞ്ഞുനിന്നിരുന്ന ആശ്വാസദായകമായ പുഞ്ചിരികൊണ്ടും അക്ഷോഭ്യതകൊണ്ടും ഞങ്ങൾക്ക് കോളേജിൽ വെച്ചുള്ള ഒന്നാമത്തെ പാഠം നൽകുകയായിരുന്നു. "ഇതൊന്നും സാരമില്ല, ഇതുപോലെ പല ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരും" എന്ന വാക്കുകളിലെ ധൈര്യവും ആത്മവിശ്വാസവും ഞങ്ങളെ ഏറെ ഉന്മേഷമുള്ളവരാക്കിത്തീർത്തു.



ദേവഗിരിയിലെ സന്യസ്തരുടെ ആസ്ഥാനമായിരുന്ന അമലാലയത്തിലെ ആദ്യത്തെ താമസക്കാർ. പ്രിയോർ ഫാദർ റിച്ചാർഡിനൊപ്പം.

കുറച്ചുകാലം ഞാൻ ചേവായൂരിൽ സഹപ്രവർത്തകരായ ചിലരോടൊപ്പം ഒരു ലോഡ്ജിൽ പാർത്തു. പിന്നീട് കോഴിക്കോട് കണ്ണൂർ റോഡിൽ മലബാർ ക്രിസ്ത്യൻ കോളേജിന്റെ പുറകിൽ സഹോദരിയോടൊപ്പം 'ക്ലിഫ്റ്റൻ കോട്ടേജ്' എന്ന വീട്ടിലാണ് താമസിച്ചത്. ദേവഗിരി വിട്ടുപോകുന്നതുവരെ അവിടെയാണ് ഞാൻ സ്ഥിരമായി കഴിഞ്ഞത്. അതിനു വളരെ അടുത്തായിരുന്നു അമലാപുരി.

കോഴിക്കോട്ട് ദേവഗിരി കോളേജ് വരുമ്പോൾ അവിടെ ഏറെക്കാലമായി ഉന്നത വിദ്യാഭ്യാസത്തിന്റെ കൊടിയുയർത്തിയ മൂന്നു കലാലയങ്ങൾ പ്രൗഢിയോടെ വിലസുന്നുണ്ടായിരുന്നു—ഗുരുവായൂരപ്പൻ കോളേജ്, മലബാർ ക്രിസ്ത്യൻ കോളേജ്, ഫാറൂക്ക് കോളേജ്. വളരെ വിപുലമായിരുന്നു അവരുടെ സ്വാധീനവലയം. പക്ഷേ, ദേവഗിരിയുടെ വളർച്ചയെ ഈ പ്രതികൂല സാഹചര്യം ഒട്ടും ബാധിച്ചില്ല. തിയോഡോഷ്യസച്ചന്റെ വ്യക്തിമാഹാത്മ്യത്തിന്റെ സവിശേഷതയോടൊപ്പം എല്ലാ വിഷയങ്ങളിലും കഴിവുറ്റ അധ്യാപകരുടെ സേവനവും ചേർന്നപ്പോൾ കോളേജ് പെട്ടെന്ന് മുൻപന്തിയിലെത്തി. കോളേജിന്റെ പുതുക്കം അതിന്റെ വളർച്ചയെയും പുരോഗതിയെയും ഒരു തരത്തിലും തടയുന്നതിന് കാരണമാകരുതെന്ന് ഞങ്ങൾക്ക് വാശിതന്നെയുണ്ടായിരുന്നു. മൈസൂർ, മംഗലാപുരം, കോട്ടയം, തിരുവനന്തപുരം തുടങ്ങിയ പല പ്രദേശങ്ങളിലെ കലാലയങ്ങളിൽ ജോലിചെയ്ത മുതിർന്ന അധ്യാപകരാണ് പുതിയ കോളേജിന്റെ അമരത്തുണ്ടായിരുന്നത്. നേരത്തെ പരസ്പരം കണ്ടിട്ടുപോലുമില്ലാത്തവർ. അമ്മാതിരിയുള്ള കുറെ കളിക്കാർ ഒരു ടീമുണ്ടാക്കിയാൽ മികച്ച ടീമാകുന്നതിനാവശ്യമായ ഇണക്കവും പരസ്പരധാരണയും പെട്ടെന്നുണ്ടാവുകയില്ല. ദേവഗിരി ടീം ആദ്യത്തെ വർഷം കൊണ്ടുതന്നെ ഒത്ത ഒരു ടീമിന്റെ ഐക്യബോധവും സമന്വയചിന്തയും ഉറപ്പിച്ചു. എവിടെനിന്നൊക്കെയോ വന്നുചേർന്ന കുറെ ആളുകൾ വളരെ വേഗം ഒരു കുടുംബമായിത്തീരുക എളുപ്പപ്പണിയല്ല.

സ്വാഭാവികമായി കുട്ടികളിലും ഈ മനോഭാവം പ്രതിഫലിച്ചു. ഇത്ര വലിയ പ്രിൻസിപ്പലിനും നല്ല ഗുരുനാഥന്മാർക്കും ക്ഷീണം വരുത്തരുതെന്ന ഉന്നതമായ ഒരു നവസമൂഹസംസ്കാരം അവരുടെ ഉള്ളിൽ കത്തിനിന്നിരുന്നു. ഒരു—സംഭവം തന്നെ—ഓർമ്മവരുന്നു. ഞാൻ പ്രീ-യൂണിവേഴ്സിറ്റി ക്ലാസ്സിൽ മലയാളം പഠിപ്പിക്കുമ്പോൾ ഒരു കുട്ടി വാതിൽക്കൽ വന്ന് ക്ലാസ്സിലുള്ള ഒരു കുട്ടിയെ കാണണമെന്ന് പറഞ്ഞു. "ക്ലാസ്സ് കഴിഞ്ഞിട്ട് കണ്ടാൽ മതി" എന്ന ഞാൻ പറഞ്ഞു. അപ്പോൾ അവൻ എന്നോട് തോന്ന്യാസം, വലിയ ഒച്ചയിലല്ലെങ്കിലും, പറഞ്ഞിട്ട് തിരിച്ചുപോയി.


1956–57 കാലത്തെ അധ്യാപകർ മാനേജർ ഫാദർ ഷാബോറിനൊപ്പം

അവനെ നല്ലൊരു പാഠം പഠിപ്പിക്കണമെന്ന് എനിക്കു തോന്നി. ക്ലാസ്സിനെ നോക്കി ഞാൻ ഇങ്ങനെ പറഞ്ഞു: "എന്റെ തീരുമാനത്തെ സ്വീകരിക്കാതെ ഈ ചെറുക്കൻ എന്നെ പരിഹസിച്ചുകൊണ്ട് സ്ഥലം വിട്ടത് കണ്ടില്ലേ? അവൻ എന്നെയും നിങ്ങളെയും മാത്രമല്ല, കോളേജിനെത്തന്നെയും അപമാനിച്ചില്ലെ? നിങ്ങൾ അവനെ എന്തുചെയ്യാനാണ് ഉദ്ദേശിക്കുന്നത്?" ഒറ്റ ശബ്ദത്തിൽ അവർ പറഞ്ഞത്, ഞങ്ങൾ അവനെ പിടിച്ചുകൊണ്ടുവരാമെന്നാണ്. കുറച്ചുപേർ അവനെ പിന്തുടർന്നോടി. കൂട്ടത്തിൽ ആ ചെറുക്കൻ കാണാൻ ആഗ്രഹിച്ചവനും പിടിക്കാൻ ഓടുകയായിരുന്നു.

അവനെ പിടിച്ച് എന്റെ മേശയ്ക്കുമുമ്പിൽ കൊണ്ടുവന്ന് നിർത്തിയപ്പോൾ തന്നെ അവന്റെ സർവ്വ മിടുക്കും അസ്തമിച്ചിരുന്നു. അപ്പോഴാണ് മനസ്സിലായത്, അവൻ കോഴിക്കോട്ടെ ഒരു കോളേജിലെ വിദ്യാർത്ഥിയും അവന്റെ പിതാവ് അവിടുത്തെ ഹൈസ്ക്കൂളിലെ പ്രധാനാധ്യാപകനുമാണെന്ന്. ഇക്കാര്യം കുട്ടികൾക്ക് രസവും വിവേകവും നൽകുന്ന വിധത്തിൽ കൈകാര്യം ചെയ്തതിന് എനിക്ക് പ്രിൻസിപ്പലച്ചന്റെ അനുമോദനവും ലഭിച്ചു.

ഞാൻ ആറുകൊല്ലമേ ദേവഗിരിയിൽ ഉണ്ടായിരുന്നുള്ളൂ. പിന്നെ ഒരു ട്രെയിനിങ്ങ് കോളേജിൽ പ്രിൻസിപ്പലായിപോയി. അനുകരിക്കാൻ എളുപ്പമല്ലെങ്കിലും അച്ചന്റെ ആ ചിത്രം എന്റെ മനസ്സിൽ അന്നു സദാ ഉണ്ടായിരുന്നു. ഇന്നും ഉണ്ട്.

പ്രിൻസിപ്പൽ എന്ന നിലയ്ക്ക് ഞാൻ സെനറ്റിൽ അംഗമായി. അച്ചൻ സിൻഡിക്കേറ്റിലുണ്ട്. കോളേജിന് ആവശ്യം വല്ലതുമുണ്ടെങ്കിൽ തന്നെ അറിയിച്ചാൽ മതി എന്നൊരു വാക്ക് അദ്ദേഹം എനിക്കു തന്നു.

വലിയ മനുഷ്യൻ വലിയ സ്ഥാനങ്ങളിൽ ഇരുന്നാൽ നേരിടേണ്ട പ്രശ്നങ്ങൾ വളരെ ചെറുതായി മാറും. മറിച്ച്, ചെറിയ മനുഷ്യർ വലിയ സ്ഥാനത്തെത്തിയാൽ ഏത് പ്രശ്നവും ഗുരുതരമായിത്തീരും. ഇന്ത്യയിൽ ഇന്നു നാം കാണുന്ന വലിയ കുഴപ്പം ചെറിയ മനുഷ്യർ വലിയ സ്ഥാനത്തിരുന്ന് എല്ലാം മഹാദുർഘടപ്രശ്നങ്ങളാക്കുന്നു എന്നതാണല്ലോ.

ഫാദർ തിയോഡോഷ്യസിനെ കണ്ട നിമിഷം എന്റെ മനസ്സിൽ കാളിദാസന്റെ ദിലീപവർണ്ണന ഓടിയെത്തി. 'ആകാരസദൃശഃ പ്രജ്ഞഃ' എന്നു തുടങ്ങുന്ന ആ പദ്യം. ആകൃതിക്കൊത്ത ബുദ്ധി, ബുദ്ധിക്കൊത്ത ജ്ഞാനം, ജ്ഞാനത്തിനൊത്ത പരിശ്രമം, പരിശ്രമത്തിനൊത്ത ഫലോദയം. ഇവയിൽ എല്ലാം സമന്വയിച്ച വ്യക്തികൾ വളരെ കുറവായിരിക്കാം, പക്ഷേ നമ്മുടെ അനുഭവത്തിൽ അങ്ങനെ ഒരാളെ അടുത്തു പരിചയപ്പെടാൻ കഴിഞ്ഞു എന്നത് നമ്മുടെ ഒരഭിമാനമാണ്.



# Towering in form and action

PROF. C.A. SHEPPARD

It was a little over thirty years ago* that I first met Reverend Father Theodosius. He must have been twenty- four years young or thereabouts, at that time; and the same boyish friendliness of my first recollections enveloped him when I saw him in the haze of a November evening, which was the last of his life. The term 'old' was singularly inappropriate to him; the very cast of his features did not admit of expressions of alarm or sadness. The self-possession that played about it came from a mind at peace with itself and with the world, and on easy terms with death when he knew that he was going to die. Dying, for him, was like stepping into the next room.

There was something gigantic about him, tall and towering in form and action: something of the pillar of strength, or of an uplifted tree that spreads no useless mass of verbiage but a broad deep shade of compassion. Impatient of artificiality in his ways, he could be tolerant of it in others. It was impossible not to be at one's ease with him, as stranger or acquaintance, as student or teacher. It was equally impossible for him not to be at his ease in any company; with a Vice-Chancellor, or with a ten-year old from the Middle School. The little boys and girls of the campus just could not understand that he was the College Principal. They took him for one of themselves. A familiar sight, of an evening, was Father Principal turning his height to account to help midget trespassers to the highest flowers in the garden instead of turning them out. He could not awe others, neither could he be awed. He took Cabinet Ministers and Governors into his stride. It was a pretty large stride. It took in many things as he strode along--the College, half a dozen public engagements a week, a hostel, games tournaments, tea-parties, teaching.

And Anglo-Saxon and English philology. Bugbears these, of our student days together in Presidency College, Madras, which he picked up and devoured as casually as a large banana. To us they were an affliction. To him, a huge joke. He was all over and everywhere, engaging a Pre-University class without a teacher, or sharing the 'jokes' of English etymology with his post-graduate students, or bestriding the narrow world like a colossus when he went to teach *Julius Caesar* to the vast First Degree class. It was the abundant goodwill that supplied the energy for his endless interests and activities. He could not say 'No' to anyone; and a few tears of repentance from the 'boding tremblers' were enough to earn their reprieve. It was not that he was pliant but only that he could see things from the mischievous boy's point of view. Without turning a blind eye to irregularities he could see jokes as jokes and temper justice with mercy, and what is more, by the magnetic gentleness of his personality draw a softening shame out of all but the most hard-hearted of offenders. You felt it was a shame to do anything that made him ashamed of you. His kindness was harsher than the most heavy-handed punishment; he heaped coals of fire on your head.

* This piece was written in 1963. Reprinted from the Devagiri College Magazine. 1964





A sense of humour - this was his secret. A hearty sense of the comedy in a perturbing or annoying situation, of the lighter side of things, enabled him to keep his head while tempers were excited and nerves frayed, and even to enjoy the fun underneath the surface vexations. Humour, it has been said, is a form of wisdom; it is not things in themselves that are funny; a cheerful mind discovers brightness where others see only shadows; humour is an attitude to life, and cheerfulness is often the outward radiance in which an inner, shining innocence and graciousness and goodwill reveal themselves.



*Prof. Sheppard*

In Muriel Box's version of the Englishman's *Lord's Prayer* we have the Englishman saying:

Give me a good digestion Lord,
And also something to digest;
Give me a healthy body Lord,
With sense to keep it at its best.
Give me a healthy mind O Lord
To keep the good and pure in sight
Which seeing sin is not appalled
But finds a way to set it right.
Give me a mind that is not bored,
That does not whimper, whine or sigh;
Don't let me worry overmuch
About this fussy thing called I.
Give me a sense of humour, Lord,
Give me the grace to see a joke,
To get some happiness from life
And pass it on to other folk.

'This was just the invaluable spirit that Father Theodosius spread with his presence, filling others with that grand courage and consideration which saw him through the darkness of his latter days and saw us through them too. His telegram asking the teachers and students to be cheerful and carry on, which he sent a few days before his death, was characteristic of him. He had that gladness of soul which is the summary of faith, hope and charity, and which is a part of our meaning when we say that Heaven is a place of joy.

No wonder he loved sports and games; he was so thoroughly sportsmanly, so incapable of stooping to meanness and circuitous action in dealing with opposition; so utterly incapable of harbouring a grudge; so ready to forget his own inconvenience in thinking only of the convenience of others. He had " a hand open as day for melting charity". Magnanimity was what he tried to teach us through his life without deliberately setting out to do so. That virtue, along with many others, he built into the invisible but no less durable structure which is contained within the solid walls and rooms given us here for our outer physical life; that inner invisible sanctuary which we call a tradition. Here, in Devagiri, we call it Father Theodosius.

That is why it is hard for us to think of him as dead. He is so much alive in the pattern of life, the grand diversity of interests, that were built up, under his leadership and inspiration, to be the real college in which we breathe and have our being, contained within the building and its splendid grounds. "Liberal" is a word that also means "cultured" and a college exists to promote that through contact with knowledge. Father Theodosius had it; he was it. Nothing that happens in the years to come can ever destroy it, nothing can even destroy him and make him die except our dishonouring and destroying the tradition that he gave us. He is alive with us as long as we want him, for ever if we choose, with all that we do to carry forward from age to age the great and never-ending task that he began. His death in the body does not matter, for "Of the past is all that cannot pass away." But it all depends on whether we are true to the ideals he set up and lived out before us. We have but to dedicate ourselves to them each time we think of him, and make this College greater in the true, indefinable sense of greatness; and then he will be always with us, along with the other great spirits that first conceived this institution and then translated it into reality.



# പ്രിയങ്കരനായ തിയോഡോഷ്യസ് അച്ചൻ

മാർ പോൾ ചിറ്റിലപ്പിള്ളി


താമരശ്ശേരി രൂപതയുടെ മുൻ അദ്ധ്യക്ഷൻ

**താമരശ്ശേരിയുടെ മെത്രാനായി** 1997 ൽ ചാർജ്ജെടുത്തപ്പോൾ മലബാർ പ്രദേശത്തെ ഉന്നത വിദ്യാഭ്യാസ രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച തിയോഡോഷ്യസ് അച്ചനെക്കുറിച്ച് ധാരാളം കാര്യങ്ങൾ കേൾക്കുവാൻ ഇടയായി. അക്കാര്യങ്ങൾ എന്റെ സ്വന്തം അനുഭവത്തിൽ ഉള്ളവയായിരുന്നുവെന്ന തിരിച്ചറിവ് എനിക്ക് ആസ്വാദ്യകരമായി അനുഭവപ്പെട്ടു.

ബഹുമാനപ്പെട്ട തിയോഡോഷ്യസ് അച്ചനെ ആദ്യമായി ഞാൻ കണ്ടുമുട്ടിയത് 1952 ലാണ്. അന്ന ദ്ദേഹം തേവര സേക്രഡ് ഹാർട്ട് കോളേജിന്റെ പ്രിൻസിപ്പലായിരുന്നു. ഇന്റർമീഡിയേറ്റ് ക്ലാസ്സിലെ വിദ്യാർത്ഥിയായിട്ടാണ് ആ കോളേജിൽ ഞാനെത്തിയത്. ഒറ്റനോട്ടത്തിൽതന്നെ ഏവരുടെയും മനസ്സിൽ സ്ഥിരപ്രതിഷ്ഠ നേടുവാൻ പോരുന്ന രൂപമായിരുന്നു അദ്ദേഹത്തിന്റേത്. നല്ല കറുപ്പുനിറമുള്ള ശരീരവും കാപ്പിപ്പൊടിനിറത്തിലുള്ള സഭാവസ്ത്രവും ധരിച്ച് അരോഗദൃഢഗാത്രനായ മനുഷ്യൻ. നല്ല ഉയരവും ഉയരത്തിനു ചേർന്ന തടിയും ആരുടെയും ശ്രദ്ധ പിടിച്ചുപറ്റുവാൻ പോരുന്നതായിരുന്നു. അതുകൊണ്ടുതന്നെ ഏതാനും മാസങ്ങൾ മാത്രം പരിചയമുള്ള ആ രൂപവും ഗാംഭീര്യമുള്ള മുഖവും ഇന്നും എന്റെ മനസ്സിൽ വളരെ സജീവമായി തെളിഞ്ഞു നില്ക്കുന്നു. ഏവരോടും ഹൃദ്യമായി ഇടപഴകുന്ന പ്രകൃതിയും മാന്യമായി പെരുമാറുന്ന ശൈലിയും ആദരവും അടുപ്പവും ഏവരിലും ഉളവാക്കും. പ്രിൻസിപ്പലച്ചന്റെ ഗാംഭീര്യം മുഖത്തുണ്ടെങ്കിലും സരസമായ അദ്ദേഹത്തിന്റെ സംസാരരീതി സ്വതന്ത്രമായി സമീപിക്കാവുന്ന ഒരു വ്യക്തിയായി മറ്റുള്ളവർക്ക് അനുഭവപ്പെടും.

കോളേജ് കാമ്പസിൽ നിറഞ്ഞു നിന്നിരുന്ന വ്യക്തിത്വമായിരുന്നു തിയോഡോഷ്യസ് അച്ചന്റേത്. അദ്ധ്യാപകരും വിദ്യാർത്ഥികളും ഉള്ളുകൊണ്ട് സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തിരുന്ന വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു അദ്ദേഹം. ആരുടെ ഇടയിൽ നില്ക്കുമ്പോഴും തലയെടുപ്പോടെ നില്ക്കുവാൻ അദ്ദേഹത്തിന്റെ ഉയരം സഹായിക്കുമെങ്കിലും അദ്ദേഹത്തെക്കാൾ ഉയരമുള്ളവരുടെയിടയിൽ നിന്നാലും അദ്ദേഹത്തിന്റെ ഔന്നത്യം ആരും സമ്മതിച്ചുകൊടുക്കും. കോളേജിൽ പല സന്ദർഭങ്ങളിലായി വരുന്ന സന്ദർശകരിൽ വളരെ പ്രഗത്ഭരായ ആളുകൾ ഉണ്ടായിരിക്കുക സ്വാഭാവികമാണ്. എന്നാൽ, അവരോടൊപ്പം നില്ക്കുമ്പോഴും തിയോഡോഷ്യസ് അച്ചന്റെ വ്യക്തിത്വം വളരെ തെളിഞ്ഞു നില്ക്കുന്ന അനുഭവമാണ് നമുക്കുണ്ടാവുക.




*ഫാ. തിയോഡോഷ്യസിന്റെ ഛായാചിത്രം കോഴിക്കോട് ടൗൺഹാളിൽ അനാച്ഛാദനം ചെയ്തപ്പോൾ*

പല ഡിപ്പാർട്ടുമെന്റുകളിലും വളരെ പ്രഗത്ഭരായ അദ്ധ്യാപകർ ഉണ്ടായിരുന്ന സേക്രഡ് ഹാർട്ട് കോളേജിൽ എല്ലാവരും തന്നെ വളരെ ആദരവോടെയാണ് തിയോഡോഷ്യസ് അച്ചനെ നോക്കിയിരുന്നതെന്ന് ഞാൻ നിരീക്ഷിച്ചിട്ടുണ്ട്. കോമേഴ്സ് ഡിപ്പാർട്ടുമെന്റിന്റെ തലവനായ തമ്പുരാനും പ്രസിദ്ധ സാഹിത്യകാരന്മാരായ പി.സി. ദേവസ്യ, ടി.എം. ചുമ്മാർ എന്നിവരും പേരുകേട്ട പ്രഫസർമാരായ സിറിയക്, വർഗ്ഗീസ്, ഡാനിയേൽ, എ.ടി. ദേവസ്യ തുടങ്ങിയവരും വിവിധ നിലകളിൽ പ്രാഗത്ഭ്യം തെളിയിച്ച ബഹുമാനപ്പെട്ട തിയോബാൾഡ്, ഡസ്മാസ്, കൊളംബസ്, ആന്റണി തുടങ്ങിയ വൈദികരുടെയും നിരയിൽ തിയോഡോഷ്യസ് അച്ചൻ മികവുറ്റവനായിട്ട് തന്നെയാണ് നിന്നിരുന്നത്. അനദ്ധ്യാപകരോടും വളരെ ആദരവോടെ പെരുമാറുന്ന ശൈലി തിയോഡോഷ്യസ് അച്ചനെ അവരുടെയിടയിലും പ്രിയങ്കരനാക്കിയെന്നതാണ് വാസ്തവം.

വിദ്യാർത്ഥികൾ വലിയ ആരാധനാഭാവത്തോടെയാണ് പ്രിൻസിപ്പൽ അച്ചനെ നോക്കിക്കണ്ടിരുന്നത്. കലാലയാന്തരീക്ഷം വളരെ കലുഷിതമായി തീർന്നിട്ടില്ലാത്ത കാലമാണെങ്കിൽ പോലും വിദ്യാർത്ഥികൾക്കിടയിൽ നേതൃസ്ഥാനത്തിനുവേണ്ടിയുള്ള വാശിയേറിയ മത്സരങ്ങളും പ്രചരണ രീതികളും കോളേജ് തിരഞ്ഞെടുപ്പുകളിൽ പ്രകടമായിരുന്നു. ഇന്നത്തെ നമ്മുടെ ധനകാര്യ മന്ത്രി ശ്രീ. കെ. എം. മാണി ബി. എ. വിദ്യാർത്ഥിയായിരിക്കുമ്പോൾ യൂണിയൻ പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിച്ചതും അദ്ദേഹത്തെ ശക്തമായി എതിർത്ത എതിർസ്ഥാനാർത്ഥി നടത്തിയ പ്രചരണവും മനസ്സിൽ നിറഞ്ഞു നില്ക്കുന്ന രംഗങ്ങളാണ്. കോളേജ് കാമ്പസ്സിൽ ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് കൂടുതൽ ആധിപത്യമുണ്ടായിരുന്ന അക്കാലത്ത് ഇത്തരത്തിലുള്ള പ്രചാരണങ്ങൾ ഉയർത്തിവിട്ട വികാരനിർഭരമായ ഭാഗങ്ങൾ എന്റെ ഓർമയിൽ വരുന്നുണ്ട്. വിദ്യാർത്ഥികളുടെ ന്യായമായ അവകാശങ്ങൾ അംഗീകരിച്ചു കൊടുത്തുകൊണ്ടുതന്നെ അവരെ ചിട്ടയും ഉത്തരവാദിത്വവുമുള്ളവരായി നയിക്കാൻ തിയോഡോഷ്യസ് അച്ചൻ കാണിച്ച മികവ് ഏവരുടെയും പ്രശംസ പിടിച്ചു പറ്റിയതായിരുന്നുവെന്നു കഴിഞ്ഞ കാലത്തേക്ക് തിരിഞ്ഞു നോക്കുമ്പോൾ ഞാൻ കാണുന്നു.

തിയോഡോഷ്യസ് അച്ചൻ പ്രഗത്ഭനായ ഒരു അദ്ധ്യാപകനായിരുന്നുവെന്ന വസ്തുതയാണ് എന്റെ മനസ്സിൽ ഏറ്റവും തെളിഞ്ഞുനില്ക്കുന്നത്. വലിയൊരു കോളേജിന്റെ പ്രിൻസിപ്പൽ എന്ന നിലയ്ക്ക് ഭരണപരമായ ഒരുപാടുകാര്യങ്ങൾ ശ്രദ്ധിക്കേണ്ടിവരുന്നതുകൊണ്ട് പ്രധാനപ്പെട്ട വിഷയം പഠിപ്പിക്കുന്നതിൽനിന്ന് മാറിനില്ക്കുകയാണ് ആ സ്ഥാനത്തുള്ളവർ ചെയ്യാറുള്ളത്. എന്നാൽ, പഠിപ്പിക്കുകയെന്നതിൽ ആനന്ദം കണ്ടെത്തുന്ന മനോഭാവമായിരുന്നു തിയോഡോഷ്യസ് അച്ചന്റേത്. അദ്ദേഹം ഇംഗ്ലീഷ് ഗദ്യത്തിന്റെ അദ്ധ്യാപകൻ എന്നനിലയ്ക്ക് എത്ര സ്തുത്യർഹമായ വിധത്തിലാണ് ആ വിഷയം പഠിപ്പിച്ചിരുന്നതെന്ന് സന്തോഷത്തോടെ ഞാനോർക്കുന്നു.

അദ്ദേഹം ക്ലാസ്സിൽവരുന്നതുതന്നെ വിദ്യാർത്ഥികൾ ആർത്തിയോടെ നോക്കിയിരിക്കും. വിഷയം കൈകാര്യം ചെയ്യുമ്പോൾ നല്ല പോലെ ഒരുങ്ങിയാണ് അദ്ദേഹം വന്നിട്ടുള്ളതെന്ന് വ്യക്തമാകും. ആർക്കും ഗ്രഹിക്കത്തക്കവിധത്തിൽ പാഠഭാഗം അവതരിപ്പിക്കുന്നതിലും അതിലെ പ്രധാനാശയങ്ങൾ മനസ്സിൽ പതിപ്പിക്കാനുമുള്ള അദ്ദേഹത്തിന്റെ കഴിവ് അസാമാന്യമായിരുന്നു. പ്രായത്തിന്റെ പ്രത്യേകത കൊണ്ടോ ശാരീരിക ക്ഷീണംകൊണ്ടോ പല ക്ലാസ്സുകളിലും



ഉറങ്ങിപ്പോയിരുന്ന എനിക്കുപോലും അദ്ദേഹം പഠിപ്പിച്ച വിഷയങ്ങൾ ക്ലാസ്സുകഴിയുമ്പോൾ മനസ്സിൽ നല്ലതുപോലെ പതിഞ്ഞതായി അനുഭവപ്പെട്ടിരുന്നു. മാലപ്പടക്കം പൊട്ടുന്നപോലെയുള്ള കൂട്ടച്ചിരികൾ അദ്ദേഹത്തിന്റെ ക്ലാസ്സിൽനിന്ന് മുഴങ്ങികേൾക്കാമായിരുന്നു. അത്തരത്തിൽ പാഠങ്ങൾ പഠിപ്പിക്കാൻ കഴിയുക എന്നുള്ളത് അസാമാന്യമായ കഴിവാണെന്ന് ആരും സമ്മതിക്കും. ഒരുപാട് ക്ലാസ്സുകളും പ്രസംഗങ്ങളും നടത്താൻ ഇടവന്ന എന്റെ ജീവിതത്തിൽ അസൂയയോടെയാണ് തിയോഡോഷ്യസ് അച്ചന്റെ ഈ കഴിവ് ഞാൻ പലപ്പോഴും ഓർക്കുന്നത്. ശ്രോതാക്കളെ തിയോഡോഷ്യസ് അച്ചനെപോലെ പിടിച്ചിരുത്താൻ അധികംപേർക്കും കഴിയുമെന്ന് തോന്നുന്നില്ല.

പ്രിൻസിപ്പൽ, അദ്ധ്യാപകൻ എന്നീ നിലകളിൽ അദ്ദേഹത്തിന്റെ മികവിന് ഞാൻ സാക്ഷിയാകുമ്പോഴും ഞാൻ നിരീക്ഷിച്ച് മനസ്സിലാക്കിയിട്ടുള്ള വേറൊരുരംഗം എന്റെ മനസ്സിൽ ആഴത്തിൽ കിടക്കുന്ന ഒന്നാണ്. ദിവ്യബലിയിൽ സംബന്ധിക്കുകയെന്നത് എന്റെ ബാല്യജീവിതത്തിലും യൗവനത്തിലും ഇന്നത്തെപ്പോലെതന്നെ മാറ്റിവെയ്ക്കാൻ വയ്യാത്ത ഒന്നായിരുന്നു. പ്രഭാതത്തിൽ എഴുന്നേറ്റ് ദിവ്യബലിയിൽ സംബന്ധിച്ചിട്ടാണ് വിദ്യാർത്ഥികാലം മുഴുവൻ ഞാൻ പഠിച്ചുപോന്നിട്ടുള്ളത്. വീട്ടിൽവെച്ച് ആ പതിവ് ആരംഭിച്ചതാണ്. എന്നാൽ ഹോസ്റ്റലിൽ താമസിക്കുന്ന അവസരത്തിൽ അത് സ്വതന്ത്രമായി ഉപയോഗിക്കാവുന്ന സാഹചര്യമാണുണ്ടായിരുന്നത്. അവിടെയും ആരുടെയും പ്രേരണയോ നിർബന്ധമോ കൂടാതെ താത്പര്യപൂർവ്വം അത് തുടർന്നിരുന്നു. കോളേജിനോട് ചേർന്നുള്ള കർമ്മലീത്താ ആശ്രമദേവാലയത്തിൽ വിവിധ അൾത്താരകളിൽ പ്രത്യേകം ബലിയർപ്പിച്ചിരുന്ന കാലമായിരുന്നു അത്. രണ്ടാം വത്തിക്കാൻ സൂനഹദോസിനുശേഷമാണ് ഒരേസമയത്ത് ബലിയർപ്പിക്കുമ്പോൾ ഒരു അൾത്താരയിൽ വൈദികർ ഒന്നിച്ച് സമൂഹബലിയർപ്പിക്കുന്ന രീതി വന്നത്. ആശ്രമത്തിൽ വളരെ അച്ചന്മാരുണ്ടായിരുന്നതുകൊണ്ട് അതിരാവിലെ എഴുന്നേറ്റ് ചെന്നാലും ഏതെങ്കിലും അൾത്താരയിൽ വി. കുർബാന ഉണ്ടായിരിക്കും. അതിരാവിലെ ബലിയർപ്പിക്കുന്നവരുടെ കൂട്ടത്തിൽ തിയോഡോഷ്യസ് അച്ചൻ വളരെ കൃത്യനിഷ്ഠയോടെ ഉണ്ടായിരുന്നുവെന്നത് ഞാൻ വളരെ കൃത്യമായി കണ്ടിട്ടുണ്ട്. ബലിയർപ്പണത്തിനും ഉപകാരസ്മരണയ്ക്കുംശേഷം അധികം വൈകാതെ കുമ്പസാരക്കൂട്ടിലേക്കാണ് അദ്ദേഹം പോയിരുന്നത്. പല സമയങ്ങളിലായി വിശുദ്ധ കുർബാനയിൽ സംബന്ധിക്കാൻ വരുന്ന ആളുകൾക്ക് സൗകര്യപ്രദമായി കുമ്പസാരിക്കുന്നതിന് ഇത് സഹായകമായിരുന്നു. ദിവ്യബലിയിൽ സജീവമായി പങ്കെടുക്കുന്നതിനും യോഗ്യതയോടെ ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനും വിശ്വാസികൾ ഇത് പ്രയോജനപ്പെടുത്തിയിരുന്നു. അവരിൽ പലരും പതിവായി അദ്ദേഹത്തിന്റെ പക്കൽ കുമ്പസാരിക്കുന്നതിന് ശ്രദ്ധിച്ചിരുന്നു. ആദ്ധ്യാത്മിക പുരോഗതിയ്ക്ക് ഈ രീതി വളരെ നല്ലതാണെന്ന് വിശുദ്ധരുടെ ജീവിതത്തിൽ നിന്നു നാം പഠിച്ചു മനസ്സിലാക്കുന്നതാണ്. അദ്ദേഹത്തിന്റെ ഈ ശുശ്രൂഷ ആദ്ധ്യാത്മിക ജീവിതത്തിൽ അഭിവൃദ്ധി പ്രാപിക്കാൻ വളരെ പേർക്കു കാരണമായിട്ടുണ്ടെന്നാണ് എന്റെ നിഗമനം.

*അമേരിക്കയിലേക്ക് ഉപരിപഠനത്തിന് പോകുമ്പോൾ തിയോഡോഷ്യസ് അച്ചന് നൽകിയ യാത്രയയപ്പ്.*





ഞാൻ തേവര കോളേജിൽ ചേർന്ന് ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോഴാണ് തിയോഡോഷ്യസ് അച്ചൻ ഉപരിപഠനത്തിനായി അമേരിക്കയിലേക്ക് യാത്രയായത്. അന്ന് ഞങ്ങൾ വളരെ ഹൃദ്യമായ യാത്രയയപ്പ് നല്കിയതും കൃത്യമായി ഓർക്കുന്നുണ്ട്. കൊച്ചിൻ ഹാർബറിലേക്ക് കോളേജ് വിദ്യാർത്ഥികൾ ഒന്നടങ്കം അന്നുണ്ടായിരുന്ന പെരുമാനൂർ ഹോൾട്ട് സ്റ്റേഷനിൽനിന്ന് തീവണ്ടി കയറിയത് വലിയൊരു സംഭവമായിരുന്നു. ഞങ്ങൾക്ക് ടിക്കറ്റ് തരാനുള്ള സംവിധാനങ്ങൾ അവിടെയില്ലായിരുന്നു. ടിക്കറ്റില്ലാതെ ഹാർബർ സ്റ്റേഷനിൽ എത്തിയ ഞങ്ങളെ ഒന്നിച്ച് തടഞ്ഞുനിർത്താൻ ഒരു വിഫലശ്രമം നടത്തിയെങ്കിലും എല്ലാവരെയും വിട്ടയയ്ക്കുകയാണ് ചെയ്തത്. ടിക്കറ്റെടുക്കുവാൻ ഞങ്ങൾ സന്നദ്ധരായിരുന്നെങ്കിലും അതിനൊന്നും ഇടവന്നില്ല. കരയിൽ നിന്ന് അല്പം അകലെയായി കടലിൽ നങ്കൂരമടിച്ചിരുന്ന കപ്പലിലാണ് തിയോഡോഷ്യസ് അച്ചൻ കയറിയത്. ആദ്യം ചെന്ന കുറെപ്പേർക്കൊക്കെ കപ്പലിൽ കയറി കാണാനുള്ള അവസരമുണ്ടായെങ്കിലും വളരെപ്പേർക്ക് കയറികാണാൻ സാധിക്കാതെ തിരിച്ചുപേരേണ്ടിവന്നു. ഏറ്റവും ഒടുവിലായി ചെന്ന ഞങ്ങൾക്കും അതേഗതിതന്നെ ഉണ്ടായി. എന്നാൽ ഞങ്ങൾ വന്ന ബോട്ടിൽനിന്ന് അവിടെ നിർത്തിയിട്ടിരുന്ന ബോട്ടിന്റെ മുകൾഭാഗത്തുകൂടി കപ്പലിന്റെ ഗോവണിയിലേയ്ക്ക് കയറാൻ ശ്രമിക്കുന്നതിനിടയിൽ മലബാർ ഹോട്ടലിന്റെ ഉടമസ്ഥതയിലുള്ള ആ ബോട്ട് ഹോട്ടലിലേക്ക് ഓടിച്ചുപോയി. ഞങ്ങൾ അതിന്റെ പുറത്ത് പറ്റിപിടിച്ചുനിന്ന് അപകടമില്ലാതെ രക്ഷപ്പെട്ടു. ആ ബോട്ടുകാരുടെ ധിക്കാരത്തിൽ ഞങ്ങൾക്ക് അമർഷം തോന്നിയെങ്കിലും ഞങ്ങൾ നിസ്സഹായരായിരുന്നു. ഇക്കാലത്തായിരുന്നെങ്കിൽ വലിയൊരു സമരത്തിന് അത് കാരണമാകുമായിരുന്നു. ഞങ്ങളാകട്ടെ വീണ്ടും ഒരു കൊച്ചുബോട്ടിൽ കയറി കപ്പലിന്റെ ഉള്ളൂ കാണാനുള്ള ആഗ്രഹത്തോടും തിയോഡോഷ്യസച്ചനോട് യാത്രപറയുന്നതിനുള്ള മോഹത്തോടുംകൂടി വീണ്ടും ചെന്നപ്പോഴേയ്ക്കും കുട്ടികളുടെ ബാഹുല്യമെല്ലാം അവസാനിച്ചിരുന്നു. അതുകൊണ്ട് ഞങ്ങൾക്ക് സൗകര്യപ്രദമായ വിധത്തിൽ കപ്പലിന്റെ ഉള്ളിലേക്ക് കയറുന്നതിനും അവിടുത്തെ സംവിധാനങ്ങൾ കാണിച്ചുതരുന്നതിനും തിയോഡോഷ്യസ് അച്ചൻ കാണിച്ച ഔദാര്യമായ മനഃസ്ഥിതി ഞാനിന്നും ഓർക്കുന്നുണ്ട്. പിന്നീട് ആറു വർഷങ്ങൾക്കുശേഷം വൈദികവിദ്യാർത്ഥിയായി കപ്പലിലാണ് റോമിലേക്കുള്ള യാത്ര നടത്താൻ എനിക്ക് ഭാഗ്യമുണ്ടായത്. ആ യാത്ര ചെയ്തപ്പോഴും തിയോഡോഷ്യസ് അച്ചനെ യാത്രയാക്കിയ എന്റെ അനുഭവം ഞാൻ സ്മരിക്കുകയുണ്ടായി.

യാത്ര പുറപ്പെട്ട ദിവസം തിയോഡോഷ്യസ് അച്ചൻ ആശ്രമകപ്പേളയിൽ ബലിയർപ്പിച്ചത് ഞാനോർക്കുന്നുണ്ട്. ബലിയർപ്പണത്തിനുശേഷം അന്നും അദ്ദേഹം കുമ്പസാരം കേൾക്കാൻ പോയത് നേരിട്ട് കാണാനിടയായ കാര്യം എന്റെ മനസ്സിൽ ഇന്നും സജീവമായി നിലനില്ക്കുന്നുണ്ട്. ആത്മാക്കളിലുള്ള തീക്ഷണതയും തന്റെ ആത്മീയമക്കളെ സഹായിക്കുന്നതിന് അദ്ദേഹം നല്കിയ മുൻഗണനയുമാണ് ഇതിനദ്ദേഹത്തെ പ്രേരിപ്പിച്ചത് എന്നാണ് എന്റെ നിഗമനം. പലതരത്തിലുള്ള ശുശ്രൂഷകൾക്ക് വൈദികൻ വിളിക്കപ്പെടുന്നുണ്ടെങ്കിലും അവയിൽ ചിലത് കൂടുതൽ വലുതായി സമൂഹം കാണുന്നുണ്ടെങ്കിലും, തിയോഡോഷ്യസ് അച്ചൻ ആത്മീയ മൂല്യങ്ങൾക്കാണ് പ്രാധാന്യം കൊടുത്തിരുന്നത്. അതിന്റെ ഭാഗമായിട്ടാണ് മറ്റുള്ള എല്ലാ പ്രവർത്തനങ്ങളും കാണുവാൻ അദ്ദേഹം ശ്രദ്ധിച്ചിട്ടുള്ളത് എന്ന ചിന്ത എന്റെ മനസ്സിൽ ഇന്നും സജീവമായി നിലനില്ക്കുന്നു. അദ്ദേഹം ഉപരിപഠനം കഴിഞ്ഞ് തിരിച്ച് പോകുന്ന സമയത്ത് ഞാൻ റോമിൽ പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഞങ്ങളുടെ സുപ്പീരിയർ ആയിരുന്ന പെരി. ബഹു. പ്ലാസിഡച്ചനെ കാണുവാൻ വന്നപ്പോൾ അദ്ദേഹത്തെ കാണുവാൻ കഴിഞ്ഞുവെന്നത് ഞാനോർക്കുന്നു. വ്യക്തിപരമായി സംസാരിക്കുന്നതിനുള്ള അവസരം ലഭിച്ചതായി ഓർക്കുന്നില്ല. പിന്നീട് അദ്ദേഹത്തെപ്പറ്റി എനിക്കുള്ള അറിവ് കേട്ടുകേൾവിയാണ്. അദ്ദേഹം തിരിച്ച് നാട്ടിലെത്തിയപ്പോഴേക്കും കോഴിക്കോട് ദേവഗിരി കോളേജ് ആരംഭിക്കുന്നതിനുള്ള ഒരുക്കങ്ങൾ നടന്നുകഴിഞ്ഞിരുന്നു. ആ കോളേജിന്റെ പ്രിൻസിപ്പലായിട്ട് തിയോഡോഷ്യസ്അച്ചൻ നിയമിതനായി എന്നു ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. പിന്നീടൊരിക്കലും അദ്ദേഹത്തെ നേരിൽ കാണാനുള്ള ഭാഗ്യം എനിക്കുണ്ടായിട്ടില്ല. താമരശ്ശേരി രൂപയുടെ മെത്രാനായി ഞാൻ നിയോഗിക്കപ്പെട്ടപ്പോഴാണ് കോഴിക്കോടുൾക്കൊള്ളുന്ന മലബാർ പ്രദേശത്തെ സീറോ മലബാർ സഭയുടെ വളർച്ചയെപ്പറ്റി കൂടുതൽ മനസ്സിലാക്കാൻ എനിക്കിടവന്നത്. ആദ്യം സൂചിപ്പിച്ചതുപോലെ, ഇവിടുത്തെ ഉന്നതവിദ്യാഭ്യാസ മേഖലയെപ്പറ്റി പരാമർശിക്കുന്നിടത്തെല്ലാം തിയോഡോഷ്യസ് അച്ചനെ അറിഞ്ഞിരുന്ന എല്ലാവരും പറഞ്ഞിരുന്ന കാര്യങ്ങൾ എന്റെ ചുരുങ്ങിയ കാലത്തെ അനുഭവത്തിൽ ഞാൻ നേരിട്ടനുഭവിച്ചതാണെന്നുള്ള തിരിച്ചറിവ് എനിക്ക് സംതൃപ്തി നല്കുന്നു.

ഇപ്പോൾ ബഹു. തിയോഡോഷ്യസ് അച്ചന്റെ ജന്മശതാബ്ദി ആഘോഷിക്കുന്ന ഈ അവസരത്തിൽ അദ്ദേഹത്തിന്റെ ജീവിതശൈലിയും വീക്ഷണവും പ്രവർത്തനരീതികളും ഇന്നത്തെ തലമുറയ്ക്കും പകർന്നു കൊടുക്കുന്നത് വലിയൊരു സാമൂഹ്യ സേവനമായിരിക്കും. അദ്ദേഹത്തിന്റെ ജീവിതത്തിൽ തെളിഞ്ഞുനിന്നതും അനേകായിരങ്ങൾക്ക് വെളിച്ചമായി തീർന്നതുമായ മൂല്യങ്ങൾ പ്രചരിക്കുന്നത് ഇന്ന് സമൂഹത്തിലും വിദ്യാഭ്യാസ മേഖലയിലും നാം നേരിടുന്ന പല പ്രതിസന്ധികൾക്കും തക്ക പരിഹാരമായിരിക്കും. ഈ അനുസ്മരണക്കുറിപ്പ് ബഹു. തിയോഡോഷ്യസ് അച്ചനോടുള്ള എന്റെ ആദരവിന്റെയും സ്നേഹത്തിന്റെയും നന്ദിയുടെയും അടയാളമായി വായിക്കുന്നവരുടെ മുമ്പാകെ ഞാൻ സമർപ്പിക്കുന്നു.



# വിദ്യാരംഗത്ത് ഒരു നക്ഷത്രോദയം

**എം. ജി. എസ്. നാരായണൻ**

**എത്രയോ വർഷങ്ങൾക്കു ശേഷം,** എത്രയോ മനുഷ്യരെ പരിചയപ്പെട്ട് മറന്ന് ശേഷം, ദൂരെ നിന്നു മാത്രം കണ്ടറിഞ്ഞ ഫാദർ തിയോഡോഷ്യസ് ഒരുജ്ജ്വലസ്മരണയായി മനസ്സിൽ നില്ക്കുന്നു. കോഴിക്കോട് എന്ന ഉറങ്ങിക്കിടക്കുന്ന ചെറുപട്ടണത്തിലെ (അന്നത്തെ കഥയാണ്) അനക്കമില്ലാത്ത അക്കാദമിക് അന്തരീക്ഷത്തിൽ ചെറിയൊരലയിളക്കം സൃഷ്ടിച്ചുകൊണ്ടാണ് അദ്ദേഹം ആയിടെ സ്ഥാപിക്കപ്പെട്ട ദേവഗിരി സെന്റ് ജോസഫസ് കോളേജിൽ പ്രിൻസിപ്പലായി വന്നത്. കാപ്പി നിറം ചേർന്ന ളോഹയണിഞ്ഞ ആജാനുബാഹുവായ ഒരു ശാന്തൻ കാപ്പിരി. കോഴിക്കോട് അത്ര സുപരിചതമല്ലാത്ത കത്തോലിക്കാപ്പള്ളി സാന്നിദ്ധ്യം.

അന്ന് രണ്ട് പഴയ ഇന്റർമീഡിയറ്റ് കോളേജുകൾ മാത്രമാണ് നഗരത്തിൽ ഉണ്ടായിരുന്നത്. അവ ബി.എ.വരെ ഉയർത്തപ്പെട്ടിരുന്നു: നായന്മാരുടെയും ബാസൽമിഷ്യൻകാരുടെയും യാഥാസ്ഥിതിക സങ്കേതങ്ങളായ ഗുരുവായൂരപ്പൻ കോളേജും മലബാർ ക്രിസ്ത്യൻ കോളേജും. അവയുടെ ആധുനികത്വം വേഷഭൂഷകളിൽ ഒതുങ്ങി; ആശയങ്ങളുടെ, മൂല്യങ്ങളുടെ തലത്തിൽ പ്രവേശിച്ചില്ല. അവിടെ പ്രിൻസിപ്പൽമാർ പൊതു സാംസ്ക്കാരിക ജീവിതത്തിൽ നേരിട്ട് പങ്കെടുക്കുന്നത്, മലയാളത്തിൽ പ്രസംഗിയ്ക്കുന്നതു പോലും, ആഭിജാത്യക്കുറവായി കണക്കാക്കിയിരുന്നു. ഈ മനുഷ്യൻ വന്നയിടയ്ക്കുതന്നെ പൊതുരംഗങ്ങളിൽ, പത്രങ്ങളിൽ, പ്രശസ്തനായി – അദ്ദേഹത്തിന് സമകാലിക പ്രശ്നങ്ങളിൽ അഭിപ്രായമുണ്ട്; വിദ്യാഭ്യാസ പ്രശ്നങ്ങളിൽ ചിലതെല്ലാം പറയാനുണ്ട്; അവയെപ്പറ്റി സംസാരിക്കുന്നത് സ്വന്തം പദവിയ്ക്കനുസരിച്ച് കുറച്ചിലാവുമെന്ന വിചാരമില്ലതാനും.

കത്തോലിക്കാ വിദ്യാലയങ്ങൾ യുവാക്കളുടെ തടവറകളാണെന്ന ധാരണയാണ് എന്റെ മനസ്സിലുണ്ടായിരുന്നത്. മദ്രാസ് ക്രിസ്ത്യൻ കോളേജിലെ പൂർവ്വ വിദ്യാർത്ഥിയായിരുന്ന എനിക്ക് അന്നത്തെ മദിരാശി



എം. ജി. എസ്.

ലയോള കോളേജിനെയും തിരുച്ചിയിലെ സെന്റ് ജോസഫ്സ് കോളേജിനെയും പറ്റി ആളുകൾ പറഞ്ഞുകേട്ട കഥകളും അവിടെ നിന്നോടിപ്പോന്ന ചില വിദ്യാർത്ഥികളുടെ അനുഭവങ്ങളും അങ്ങിനെയൊരു ചിത്രമാണ് തന്നത്. വളരെ വേഗത്തിൽ പ്രിൻസിപ്പൽ തിയോഡോഷ്യസിന്റെ ആരാധകരായ ശിഷ്യൻമാർ എന്റെ ധാരണകളെ തിരുത്തി. ആ കോളേജിൽ ഇംഗ്ലീഷ് സാഹിത്യം പഠിപ്പിക്കാൻ ഡോ. ശിവരാമസുബ്രഹ്മണ്യയ്യരേയും പ്രൊഫ. ഷെപ്പേർഡിനെയും, മലയാള സാഹിത്യം പഠിപ്പിക്കാൻ പ്രൊഫസർ അഴിക്കോടിനെയും തായാട്ട് ശങ്കരനെയും, സുവോളജി അദ്ധ്യാപകരായി ഡോ. കെ.ടി. വിജയമാധവനെയും ഡോ. കെ. ജി. അടിയോടിയെയും നിയമിച്ചപ്പോൾത്തന്നെ കോളേജിനെപ്പറ്റിയുള്ള പൊതുജനാഭിപ്രായം രൂപവൽക്കൃതമായി. ആ ഗൗരവക്കാരൻ സ്നേഹമയനായ ഒരു സഹൃദയനാണെന്നും പാവപ്പെട്ട വിദ്യാർത്ഥികളുടെ രക്ഷകനാണെന്നും ആധുനികാശയങ്ങൾക്ക് അഗമ്യനല്ലെന്നും ജനങ്ങളുമായി സമ്പർക്കം പുലർത്തുന്ന ഒരു വിദ്യാഭ്യാസചിന്തകനാണെന്നും ക്രമത്തിൽ തെളിഞ്ഞുവന്നു. അതൊക്കെയാണ് കോഴിക്കോടിന്റെ, മലബാറിന്റെ ജാതിചിന്താജടിലമായ, ജീർണ്ണമായ, പരീക്ഷാകേന്ദ്രിതമായ വിദ്യാഭ്യാസ വിഹായസ്സിൽ പുതിയ വെളിച്ചം പ്രസരിപ്പിച്ചത്. ആ പുതിയ കലാലയത്തിന്റെ അധ്യക്ഷൻ മറ്റു കലാലയങ്ങളുമായി മത്സരബുദ്ധി കാണിയ്ക്കാതെ സൗഹൃദഹസ്തം നീട്ടി. യുവതലമുറക്കാർ അച്ചടക്കത്തിന്റെ ദണ്ഡുകൊണ്ട് അടിച്ചമർത്തി നിർത്തപ്പെടേണ്ട ക്രിമിനൽപ്പരിഷകൾ എന്നതിനെക്കാൾ പ്രോത്സാഹിപ്പിയ്ക്കപ്പെടേണ്ട ബുദ്ധിപരവും ശാരീരികവും ആയ കഴിവുകളുടെ നിക്ഷേപം കൊണ്ടുവരുന്നവരാണെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്ന ഒരു സന്ദേശമാണ് ഫാദർ തിയോഡോഷ്യസ്സിന്റെ അല്പകാലസാന്നിദ്ധ്യത്തിലൂടെ പൊതുജനങ്ങളിൽ എത്തിച്ചേർന്നത്. ആ സ്മരണയെ മാനിയ്ക്കുന്ന ശിഷ്യജനങ്ങളുടെയും ആരാധകരുടെയും കൂടെ ഞാനും സസന്തോഷം ചേരുന്നു.

# Head and shoulders above others

Fr. JOSEPH IVANS, OCD*

In suggesting that Fr. Theodosius, the renowned and highly esteemed first Principal of St. Joseph's College, Devagiri, was a man who stood head and shoulders above everybody around, I recall how Prof. Sukumar Azhikode, one of Fr. Theodosius' ardent admirers, described him, on more than one occasion, by quoting, in his usual scholarly fashion, a few verses in Sanskrit to illustrate his point that Fr. Theodosius was a man endowed with a great intellect that well matched his imposing physique, and with a heart massive enough to match such an intellect.

Fr. Theodosius was deeply sensitive to the slightest criticism of his policies as an administrator, and there was criticism galore forthcoming, especially from a couple of his fellow priests at the monastery.(By the way, the present monastery with the church attached to it was yet to be built, and all the Fathers lived together at that time in the house across from the present monastery.) One frequent criticism leveled at him was that, among both the hostellers and the day students, there prevailed a sense of impunity and consequently a general lack of discipline because the Principal was motivated by a love of cheap popularity in neglecting to impose discipline.

Here is an episode to exemplify this. Within a week of my returning from the University of Madras with a Master's degree in English and joining the faculty at Devagiri in 1960, I was saddled with a full load of assignments—full-time teaching at the one-year PUC (the pre-degree course had not been introduced yet), degree and PG levels, serving as editor of the College Magazine, being in charge of St. Joseph's Hostel and so forth.

One morning, I was teaching a Pre-University class. Naturally enough, the naughty youngsters, who were also new-comers to college life, apparently took into their heads that they might take any liberties with

** Fr. Ivans, who was the Principal of Devagiri College between March 1974 and July 1976, has been with the College's English Department since 1960. He is currently serving a parish in Munster, USA.*





this green horn of a teacher. It so happened that, after writing some English phrase on the blackboard, I was pointing to it with my pen and explaining it. Suddenly, one of the students, Surendran by name, dashed up to the blackboard (it was probably no more than an attempt to show off his bravado), grabbed hold of my pen and easily wrested it off my hand since I readily let go of it, not wanting to get into a physical fight with a student, and gulped down with a serene smile the indignity that was hurled at me. He walked back triumphantly to his seat while the whole class watched the scene in stunned silence.

What had transpired in my class soon got wide publicity and it was grist enough for the usual critics' mill. When I was back at the monastery for lunch break, I heard severe criticism of the Principal, who was also there. "See? Things are allowed to go too far now. Unheard of things happen like students making so bold as to humiliate teachers in class!" Stung to the quick by such criticism of him, Fr. Theodosius called me aside and asked me what exactly had happened in the class that morning. After telling him the whole story, I suggested that the whole silly incident might simply be ignored. "Oh, no!" he said. "I am going to deal with it with the utmost gravity."

Before the last period that afternoon, there was an announcement by the Principal: "There will be a very important meeting in the Assembly Hall right after the last period this afternoon. All staff and students are to attend it". When the whole College had gathered in the Assembly Hall, Fr. Theodosius, who was sitting on the platform, got up and with a very serious look narrated what had happened in my class that morning. He pointed out what an atrocious breach of discipline, and respect due to teachers, such behaviour was, and how it would bring disgrace to the whole institution. He added that he first thought of dismissing the guilty student from the College outright but at my request he was refraining from taking that step.

Then he called me up to the platform and asked me to sit by him. Next the youngster who had misbehaved was brought up to the platform. Fr. Theodosius told him, "Kneel down in front of Fr. Ivans and beg forgiveness of him for your insulting behaviour." Then Fr. Theodosius himself dictated a detailed apology in Malayalam, which the student repeated after him word by word. After his apology he handed me back my pen. I pulled him up to his feet and said to him in English, "Dear Surendran, to me what you did in class was just a youngster's outrageous prank by which you wanted to

impress others. Through my own high school years, until I joined the seminary for priesthood, I too used to indulge in all kinds of pranks just to show off. So you wanted my pen? All right (giving it back to him), you are welcome to keep it. Be assured that I forgive you whole-heartedly and that I bear no ill-feeling whatsoever for you. You have my prayers and good wishes for all success in your studies and later on in your life. God bless you." That brought the meeting to an end.

As I mentioned, a couple of Father Principal's critics at the monastery were incensed when they first heard of the Surendran incident. To them it was an egregious instance of student misbehaviour, owing to his failure to enforce discipline among them, and they harped again on the theme of his fondness for cheap popularity as the root cause of this failure.

But as I gradually got better and better acquainted with the mind and soul of Fr. Theodosius, it began to dawn on me that to accuse him of vanity in seeking "cheap popularity" was the outcome of a very superficial understanding of the high ideals he cherished. In other words, I had a sense that it was a case of smaller minds being incapable of understanding great minds and consequently misconstruing the latter's actions and policies at every turn. I felt that there was a more perceptive, and definitely more charitable, way of viewing them. To me it seemed that it was part of Father Principal's greatness of soul that led to his adopting a broad outlook in matters like discipline among the students; that his way of maintaining discipline was governance with love rather than with punishment and trying to inculcate in young minds values like self-respect, self-restraint, respect for the rights of others, and concern for the common good of the community. At the same time, he never hesitated to come down on gross misbehaviour whenever he felt stern action was called for, as evidence by the way he dealt with the Surendran incident.

The very fact that he had chosen me, the youngest among the fathers at Devagiri and the least experienced in the discharge of the priestly ministry, as his confessor, seemed to be a measure of the humility of this great soul.

I started writing this piece by commenting on the imposing personality of Fr. Theodosius. And then by narrating the entire classroom episode, I illustrated how sensitive he was to any criticism of himself or his administrative policies.

There was, however, a deeper dimension to that unique personality, a spiritual dimension which I presume most people were quite unaware of. But I would humbly claim to have been so positioned as to have had the privilege of getting intimately acquainted, as his confessor for well over two years, with the depth of the spirituality of this extraordinary individual.

First of all, here was a man who set great store by his exalted vocation as a Catholic priest and a Carmelite monk who fully realized that his first and foremost obligation before God and His Church was to strive to lead a life of holiness by living out faithfully the teachings of Jesus, the Eternal High Priest, and following in His footsteps. "Christianus alter Christus" (a Christian should be another Christ) used to be a familiar dictum among the saints and theologians of the early Christian era. If so, a fortiori, "Sacerdos alter Christus" (a priest should be another Christ), which Fr. Theodosius fully realized.

Now, since the frequent reception of the Sacraments of the Church, especially receiving absolution for one's sins in the Sacrament of Penance ('confession' in common parlance), attending Mass and receiving Holy Communion even on weekdays so far as possible is an important means of securing Divine graces and growing in holiness, the Catholic Church by her law enjoins on priests and religious to go to Confession at least every two weeks. But the fact is that many holy souls, in their eagerness to cleanse themselves of even the slightest sins and thereby render themselves all the more pleasing in the sight of God, do go to confession every week or even several times a week. The students at both Newman Hostel and next door St. Joseph's Hostel used to see Father Principal, warden of Newman, going over to see St. Joseph's warden every week but they had absolutely no idea what the matter was. Fr. Theodosius would never miss his weekly confession.




The very fact that he had chosen me, the youngest among the fathers at Devagiri and the least experienced in the discharge of the priestly ministry, as his confessor, seemed to be a measure of the humility of this great soul.

While I sat in my chair I felt myself so small and so humbled when this great priest knelt down on the floor by my side and started his confession by saying the usual formula, "Bless me, Father, for I have sinned."

ണ്ടതുള്ളതിനാൽ ഞങ്ങളെ ഈ മോഡൽ പരീക്ഷ എഴുതുന്നതിൽ നിന്ന് ഒഴിവാക്കണമെന്ന് പ്രിൻസിപ്പലിനോട് അപേക്ഷിക്കാൻ സോപാധികക്കാർ യൂനിയൻ സിക്രട്ടറിയെന്ന നിലയ്ക്ക് എന്നോടാവശ്യപ്പെട്ടു. ആവരുടെ നിരന്തരമായ സമ്മർദ്ദത്തിനു വഴങ്ങി ഞാൻ അച്ചനെ ചെന്നു കണ്ട് കാര്യം അവതരിപ്പിച്ചു. സ്വതസ്സിദ്ധമായ പ്രൗഢഗാംഭീര്യം നിറഞ്ഞ മുഖമുയർത്തി അച്ചൻ ചെറുമന്ദഹാസത്തോടെ, മോഡൽ പരീക്ഷ അവർ വെറുതെ ചെന്ന് എഴുതിയാൽ മതിയെന്നും അത് കാര്യമായ മൂല്യനിർണ്ണയം നടത്തുകയില്ലെന്നും പറഞ്ഞത് ഞാനവരെ അറിയിച്ചു.

കേരള യൂനിവേഴ്സിറ്റിയുടെ സിൻഡിക്കേറ്റ് മീറ്റിങ്ങിൽ സംബന്ധിക്കാൻ പ്രിൻസിപ്പലച്ചൻ തിരുവനന്തപുരത്തായിരുന്ന അവസരത്തിലായിരുന്നു മോഡൽ പരീക്ഷ നടന്നത്. ആ പരീക്ഷയെക്കുറിച്ച് വ്യാകുലപ്പെടേണ്ടതില്ല എന്ന് പ്രിൻസിപ്പൽ പറഞ്ഞിരുന്നതു കൊണ്ടാവുമോ എന്നറിഞ്ഞില്ല, സോപാധികമായി സെലക്റ്റ് ചെയ്തവരിൽ ഒരാളൊഴികെ ആരും പരീക്ഷയെഴുതിയില്ല.

ഒരാഴ്ചയ്ക്കുശേഷം തിരിച്ചെത്തിയ പ്രിൻസിപ്പലച്ചൻ കാര്യമറിഞ്ഞപ്പോൾ സെലക്ഷൻ പരീക്ഷ റദ്ദാക്കിയതായും അത് എഴുതേണ്ടിയിരുന്നവരെ ഒന്നടങ്കം ഡിറ്റേയ്ൻ ചെയ്തതായും നോട്ടീസ് നൽകുകയാണ് ചെയ്തത്! എല്ലാ ഡിപ്പാർട്ടുമെന്റുകളിൽ നിന്നുമായി മുപ്പതോളം പേർ സോപാധികരായി ഉണ്ടായിരുന്നു. അച്ചന്റെ അപ്രതീക്ഷിതമായ ഈ തീരുമാനം അവരെ ഞെട്ടിച്ചു. അവരിൽ ഭൂരിഭാഗവും യൂനിവേഴ്സിറ്റി പരീക്ഷയിൽ മികച്ച വിജയം നേടാൻ കഴിവുള്ളവരായിരുന്നു. ചിലരെല്ലാം അച്ചനെ സമീപിച്ച് സങ്കടം പറഞ്ഞെങ്കിലും അദ്ദേഹം തന്റെ നിലപാടിൽ മാറ്റം വരുത്താൻ തയ്യാറായില്ല.

അവരുടെ ദയനീയമായ അവസ്ഥ പ്രിൻസിപ്പലച്ചനെ അറിയിച്ച് പരിഹാരം തേടണമെന്ന് അവർ സിക്രട്ടറിയെന്ന പദവിയുള്ള എന്നോടാവശ്യപ്പെട്ടു. അവരുടെ പക്ഷത്തിൽ ന്യായമില്ല എന്നറിയാമെങ്കിലും അവർക്കു വേണ്ടി ഞാൻ അച്ചനെ കണ്ടു; ഒരിയ്ക്കലല്ല, പലവട്ടം. എന്നാൽ ഈ വിഷയത്തിൽ ഒരു പുനരാലോചന ഇല്ല എന്നുതന്നെയായിരുന്നു അദ്ദേഹത്തിന്റെ നിലപാട്.

ഹോസ്റ്റലിലെ അന്തരീക്ഷം വിഷാദമൂകമായിരുന്നു. അവരൊക്കെ പിറ്റേദിവസം സ്വന്തം വീട്ടിലേക്ക് പോകേണ്ട അവസ്ഥ! വീട്ടിൽ നിന്നുള്ള പ്രതികരണം എന്തായിരിക്കും എന്നോർത്ത് പലർക്കും അന്ന് അത്താഴം കഴിക്കാൻ പോലും പറ്റിയില്ല എന്നത് അതിശയോക്തിയല്ല.

രാത്രി പതിനൊന്നു മണി കഴിഞ്ഞിരിക്കും. ഹോസ്റ്റൽ വാർഡന്റെ മുറിയിൽ ലൈറ്റുണ്ട്. ഒരു ശ്രമം കൂടി നടത്തിയാലോ എന്ന് ഞാനാലോചിച്ചു. അച്ചന്റെ പ്രതികരണമെന്തായിരിക്കുമെന്ന് ഓർത്ത് മനസ്സ് നടുങ്ങി. വഴക്ക് പറയുമോ തുടർച്ചയായി ശല്യം ചെയ്യുന്നതിന്? എന്തായാലും വരുന്നത് വരട്ടേയെന്ന് വിചാരിച്ച് ഞാൻ വാർഡന്റെ വാതിലിൽ മുട്ടി. 'പാവങ്ങളി'ലെ ബിഷപ്പിന്റേതെന്ന പോലെ അച്ചന്റെ ശബ്ദം കേട്ടു: 'കമിൻ'.

ചാരിയിരുന്ന കതകു തുറന്ന് ഞാൻ അകത്തുകടന്നു. കസാരയിൽ ചാഞ്ഞിരിക്കുകയായിരുന്ന അച്ചന്റെ മുഖത്ത് ടേബിൾ ലാമ്പിന്റെ വെളിച്ചം പതിയ്ക്കുന്നുണ്ടായിരുന്നു. കണ്ണടച്ചില്ലുകൾക്കു പുറകിൽ ആ മഹാശയന്റെ കണ്ണുകളിൽ കണ്ണുനീർ തുളുമ്പിനില്ക്കുന്നു! തന്റെ കുട്ടികളോട് കടുത്ത നിലപാട് സ്വീകരിക്കേണ്ടി വന്നതിൽ ആ ലോലഹൃദയൻ വേദനിക്കുന്നു! മഹാനായ അദ്ദേഹം സ്വയം ശിക്ഷയേറ്റു വാങ്ങുന്നു!

'അവരോട് അച്ചൻ ക്ഷമിക്കണം. അറിവില്ലാതെ ചെയ്തതാണ്.' കുറ്റക്കാരായ കൂട്ടുകാർക്ക് വേണ്ടി അവരുടെ പ്രതിനിധിയായി ഞാൻ മാപ്പപേക്ഷിച്ചപ്പോൾ ആ കണ്ണുകൾ നിറഞ്ഞൊഴുകി. സത്യത്തിൽ ആ സ്നേഹനിധിയുടെ മുമ്പിൽ ഞാൻ മനസാ സാഷ്ടാംഗപ്രണാമം നടത്തുകയായിരുന്നു.

'എന്റെ കുട്ടികളിൽ നിന്ന് ഞാൻ ഇങ്ങിനെയൊന്ന് ഒട്ടും പ്രതീക്ഷിച്ചില്ല. വെറുതെ എഴുതിയാൽ മാത്രം മതിയെന്ന് ഞാൻ പറഞ്ഞിരുന്നില്ലേ? പൊയ്ക്കോളൂ.........നന്നായി പഠിക്കാൻ എല്ലാവരോടും പറയൂ,' തന്റെ മുന്നിൽ തുറന്നുവെച്ചിരുന്ന വേദപുസ്തകം കയ്യിലെടുത്തുകൊണ്ട് അഭിവന്ദ്യനായ തിയോഡോഷ്യസ് അച്ചൻ പറഞ്ഞു.

പിറ്റേ ദിവസം അച്ചൻ ഒപ്പിട്ട ഒരു നോട്ടീസ് കോളേജ് നോട്ടീസ് ബോർഡിൽ പതിയ്ക്കപ്പെട്ടു. അത് ഇങ്ങിനെയായിരുന്നു: All conditionally selected students are SELECTED!



*1960- 63 കാലത്ത് ജന്തുശാസ്ത്ര ബിരുദ വിദ്യാർത്ഥിയായ ഉണ്ണിനാണു നായർ 61-62-ൽ സാഹിത്യസമാജം സെക്രട്ടറിയും അടുത്ത വർഷം കോളേജ് യൂനിയൻ സെക്രട്ടറിയുമായിരുന്നു. നന്മണ്ട ഹൈസ്ക്കൂളിൽ നിന്നു വിരമിച്ച ശേഷം 'ആയിരത്തൊന്നു രാവുകൾ', ഫരീദുദ്ദീൻ അത്തറിന്റെ 'പക്ഷിസംഭാഷണം' എന്നിവ മലയാള പദ്യരൂപത്തിൽ ഭാഷാന്തരം ചെയ്തിട്ടുണ്ട്. 'സംസമീയം', 'കൃഷ്ണായനം' എന്നീ ഖണ്ഡകാവ്യങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.



# മൺമറഞ്ഞ ആൽവൃക്ഷം

**പി. എം. ശിവരാമൻ അടിയോടി***

പ്രശസ്തമായ സെന്റ് ജോസഫ്സ് കോളേജ്, ദേവഗിരി എന്ന സരസ്വതീ ക്ഷേത്രത്തിന്റെ പടിയിറങ്ങി നീണ്ട 50 വർഷം കഴിഞ്ഞു എന്ന യാഥാർത്ഥ്യം വിശ്വസിക്കുവാൻ എനിക്ക് പ്രയാസം തോന്നുന്നു. തുടക്കം മുതലേ അതിന്റെ പ്രൻസിപ്പലായ ബഹുമാന്യനായ ഫാദർ തിയോഡോഷ്യസ്സിന്റെ സ്മരണകൾ എന്റെ ഹൃദയത്തിന്റെ ശ്രീകോവിലിൽ മായാത്ത പ്രതിഷ്ഠയായി ഇന്നും നിലകൊള്ളുന്നു. എന്റെ മനസ്സിൽ മാത്രമല്ല ആയിരക്കണക്കിലുള്ള അദ്ദേഹത്തിന്റെ ശിഷ്യന്മാരുടെ മനസ്സിലും ഇന്നും അദ്ദേഹം ജീവിക്കുന്നുണ്ടാകും. അത്രമാത്രം ആരെയും ആകർഷിക്കുവാൻ കഴിയുന്ന വ്യക്തിത്വത്തിന്റെയും സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും സമന്വയ ഭാവമാണ് അകാലത്തിൽ മൺമറഞ്ഞുപോയ ആ വലിയ ആൽവൃക്ഷം. അദ്ദേഹത്തിന്റെ തണലിലാണ് ദേവഗിരി കോളേജ് വളർന്നു പന്തലിച്ചത്. ഒരു സ്ഥാപനം ഒരു മനുഷ്യന്റെ ദീർഘമായ നിഴലാണ് എന്ന് പറയുമ്പോൾ ദേവഗിരി കോളേജിന്റെ പ്രശസ്തിയുടെയും അഭിവൃദ്ധിയുടെയും നിദാനവും അദ്ദേഹം തന്നെ എന്ന് നിസ്സംശയം പറയാം. കോളേജിന് അതിന്റെ തുടക്കത്തിൽ ശക്തിയായ അടിത്തറ പാകിയതും മറ്റാരുമല്ല. "ദൈവത്തിന്നും രാജ്യത്തിന്നും" വേണ്ടി എന്ന കോളേജിന്റെ ആപ്തവാക്യം അന്വർത്ഥമാക്കിക്കൊണ്ട് കേരളത്തിൽ ഒന്നാം സ്ഥാനത്തും ഇന്ത്യയിൽ രണ്ടാം സ്ഥാനത്തും ഇന്ന് ഈ സ്ഥാപനം എത്തിനില്ക്കുന്നു. സ്ഥാപനത്തിന്റെ ശൈശവദശയിൽ പ്രവർത്തിച്ച ഫാദർ ഷാബോർ, ഫാദർ ഹോർമീസ് എന്നീ മഹാരഥന്മാരോടൊപ്പം കോളേജിന്റെ ഭരണത്തിൽ അഭൂതപൂർവ്വമായ പ്രാഗൽഭ്യം പ്രകടിപ്പിച്ച ഫാദർ തിയോഡോഷ്യസ്സിന്റെ ദീർഘദൃഷ്ടി ഇന്നത്തെ പ്രശസ്തിയുടെ നാരായ വേരുകൾതന്നെ.

നല്ല ഭരണാധികാരി, പ്രാസംഗികൻ, ബുദ്ധിരാക്ഷസർ എന്നീ നിലകളിലും സൗമ്യനായ നല്ല പുരോഹിതൻ എന്ന നിലയിലും അദ്ദേഹത്തിന്റെ സ്നേഹപൂർണ്ണമായ പെരുമാറ്റം എല്ലാവരിലും മതിപ്പുളവാക്കി. എന്തിനേറെ, അദ്ദേഹത്തിന്റെ തലയെടുപ്പുള്ള നടത്തവും ഭാവവും എന്റെ മനസ്സിന്റെ കണ്ണാടിയിൽ ഇന്നും പ്രതിബിംബിച്ചു നില്ക്കുന്നു. നാലുകൊല്ലത്തെ കോളേജ് ജീവിതവും ഹോസ്റ്റൽ ജീവിതവും പ്രിൻസിപ്പലും വാർഡനുമായ ആ വലിയ മനുഷ്യനും എന്റെ മനസ്സിൽ അതുപോലെ തങ്ങിനില്ക്കുന്നു.

ചന്ദ്രികാസുന്ദരമായ രാത്രിയിൽ ദേവഗിരി കോളേജിന്റെ വിശാലമായ കുന്നിൻ പുറത്ത് മലർന്ന് കിടന്നുകൊണ്ട്, ആകാശത്തിന്റെ അനന്തതയിലേക്ക് നോക്കി, നക്ഷത്രങ്ങളും ചന്ദ്രകിരണങ്ങളും ഭൂമിയെ പുൽകി താലോലിക്കുന്ന സുന്ദരമായ കാഴ്ച ആസ്വദിച്ചിരുന്ന ആ സുവർണ്ണകാലം ഒരിക്കൽ കൂടി ലഭിച്ചിരുന്നുവെങ്കിൽ എന്ന് ആഗ്രഹിക്കുമ്പോൾ, അങ്ങകലെ സ്വർഗ്ഗകവാടത്തിൽ നിന്ന് കോളേജിന്റെ ഉയർച്ചയും വളർച്ചയും കണ്ട്, സന്തോഷാശ്രുക്കൾ പൊഴിക്കുന്ന ആദ്ദേഹത്തിന്റെ ആത്മാവിനെയാണ് ഞാൻ ദർശിക്കുന്നത്.

പ്രശസ്തിയുടെ കൊടുമുടിയിൽ നില്ക്കുന്ന എന്റെ മാതൃവിദ്യാലയത്തിന്ന് മുന്നിൽ ഞാൻ സാഷ്ടാംഗം പ്രണമിക്കുന്നതോടൊപ്പം അദ്ദേഹത്തിന്റെ ഈ ജന്മശ്താബ്ദിയിൽ എന്റെ സുഹൃത്തുക്കളോടും സഹപാഠികളോടും കൂടി ആ വലിയ മനുഷ്യന്റെ സ്മരണയ്ക്ക് മുമ്പിൽ വിനയപൂർവ്വം ഞാൻ എന്റെ ആദരാഞ്ജലികൾ അർപ്പിക്കട്ടെ.



*ദേവഗിരി കോളേജിലെ ആദ്യത്തെ ശ്രദ്ധേയനായ അത്‌ലറ്റും 1960–61 ലെ ജനറൽ ക്യാപ്റ്റനുമായ അടിയോടി പ്രതിരോധ വകുപ്പിനുകീഴിലുള്ള ഓർഡ്നൻസ് വകുപ്പിൽ നിന്നും വിരമിച്ചു.*

# ഒരു ക്യാമ്പിൻെറ ഓർമയിൽ

പി.പി. വിശ്വനാഥൻ*



സ്ഥലം : കണ്ണൂർ മിലിറ്ററി ബാരക്സ്;
കാലം : 1960 –61 വർഷത്തെ വേനൽ അവധി;
സന്ദർഭം : 4 കേരള എൻ.സി.സി ബറ്റാലിയൻ്റെ വാർഷിക ട്രെയ്നിംഗ് ക്യാപിൽ ഒരു ദിവസത്തെ തീവ്രമായ പരിശീലനത്തിനും ഗെയിംസിനും ശേഷം കേഡറ്റുകൾ കുളിച്ചു കൊണ്ടിരിക്കുന്നു.

ചിറ്റൂർ (പാലക്കാട്) മുതൽ കാസർകോട് വരെയുള്ള കോളേജുകളിലെ അഞ്ഞൂറോളം സീനിയർ ഡിവിഷൻ എൻ.സി.സി. കേഡറ്റുകൾ, കൃത്യനിഷ്ഠയും അച്ചടക്കവും കടുകിട വിട്ടുവീഴ്ചയില്ലാതെ നടപ്പാക്കുന്ന ഓഫീസർമാർ, കേഡറ്റുകളെ കായികമായും മാനസികമായും തളർത്താനുള്ള ഒരവസരവും പാഴാക്കാത്ത പട്ടാളക്കാരായ ഇൻസ്ട്രക്ടർമാർ... പഴയ ചില സിനിമകളിൽ കാണാറുള്ള മിലിറ്ററി ക്യാമ്പുകളുടെ ഒരു എകദേശ പതിപ്പ്. വെളുപ്പിന് 5.30 –ന് ആരംഭിക്കുന്ന കഠിന ദിനചര്യകളുടെ അവസാനം വൈകുന്നേരം 5.30 മുതൽക്കുള്ള കുളി ഞങ്ങൾ ശരിക്കും ആസ്വദിക്കുക തന്നെയായിരുന്നു. ഉയരത്തിൽ വരിവരിയായി സ്ഥാപിച്ച സ്ഥിരവും താൽക്കാലികവുമായ കുറെ ടാപ്പുകൾക്ക് താഴെ കൂട്ടം കൂടിയും തിക്കിത്തിരക്കിയും കുളിക്കുന്നതു ഒരനുഭവമായിരുന്നു. കുളിമുറികളുടെ സ്വകാര്യതയിൽ മാത്രം കുളിച്ചുശീലിച്ച പലരും രണ്ട് ദിവസം കൊണ്ട് പുതിയ പരിമിതസൗകര്യവുമായി ഇണങ്ങി. എല്ലാവരും ആൺകുട്ടികൾ. പലർക്കും ഒരടിവസ്ത്രം തന്നെ അനാവശ്യമായി തോന്നിയ ആഹ്ലാദസന്ദർഭം! നീരാട്ട് പുരോഗമിക്കവേ വൈകിയെത്തിയ ഫാറൂഖ് കോളേജിലെ ഒരു സുഹൃത്ത് ഉറക്കെ പ്രഖ്യാപിച്ചു: "കാറിൽ വന്നിറങ്ങിയിട്ടുണ്ട് ഒരു പഹയൻ പാതിരി. ബഡാ സൈസ്, ഒറ്റക്ക് കണ്ടാൽ പേടിയാവും. എന്തൊക്കെയോ സാധനങ്ങൾ ഡിക്കിയിൽനിന്ന് എറക്കീറ്റുമുണ്ട്."

ആ ക്യാമ്പിലേക്ക് വരാവുന്ന ഒരു ബഡാ സൈസ് പാതിരിയേയുള്ളൂ. ഞങ്ങൾക്ക് സംശയമേയില്ലായിരുന്നു – അത് ഞങ്ങളുടെ പ്രിൻസിപ്പൽ ഫാദർ തിയോഡോഷ്യസ് തന്നെ. തൻ്റെ കുട്ടികൾ ക്യാമ്പിൽ എന്ത് ചെയ്യുന്നു, എന്ത് പഠിക്കുന്നു, എങ്ങനെ കഴിയുന്നു എന്നെല്ലാമറിയാൻ ആ വാത്സല്യനിധി എത്തിയിരിക്കുന്നു. അവർക്കായി ആപ്പിളും ഓറഞ്ചും നിറച്ച കൂടകളും കരുതിയിരിക്കുന്നു. (മറ്റു കോളേജുകളിൽ നിന്നുള്ള ഞങ്ങളുടെ സുഹൃത്തുക്കളുടെ അസൂയ സ്ഫുരിക്കുന്ന നോട്ടം ഇപ്പോഴും ഓർക്കുന്നു.) പ്രിൻസിപ്പലച്ചൻ, ദേവഗിരി എൻ.സി.സി ഓഫീസർ സെബാസ്റ്റ്യൻ പി. ജോസഫിനും ക്യാംപ് അഡ്ജുറ്റൻ്റിനുമൊപ്പം ഞങ്ങളുടെ ബാരക്കിലെത്തുന്നതിന് മുമ്പു തന്നെ ഞങ്ങളിൽ പലരും കുളിയെല്ലാം കഴിഞ്ഞ് അച്ചനടുത്തെത്തിയിരുന്നു. പതിവുള്ള "എന്താ മിസ്റ്ററേ..." വിളികൾക്കും ക്ഷേമാന്വേഷണങ്ങൾക്കും ഒടുവിൽ വളരെ പ്രസന്നനായി അദ്ദേഹം പറഞ്ഞു:

"The Camp commandant is very much impressed by your performance in the camp so far. It is upto you to ensure that he gets no reason to alter this.



*1964 ബാച്ചിലെ ഗണിതശാസ്ത്രബിരുദ വിദ്യാർത്ഥി. എൻ.സി.സി അണ്ടർ ഓഫീസറായിരുന്നു. ഫുഡ്കോർപറേഷൻ ഓഫ് ഇന്ത്യ എക്കൗണ്ട്സ് മാനേജരായി വിരമിച്ചു. കോഴിക്കോട് സ്വദേശി.

Only forward march......" ആ ക്യാംപിൽ പല മത്സരങ്ങൾക്കുമുള്ള ഒന്നാം സ്ഥാനം ദേവഗിരി പ്ലാറ്റൂൺ നേടി. അച്ചന്റെ വാക്കുകളായിരുന്നു അവയ്ക്കെല്ലാം പ്രേരകം.

ക്യാംപിൽ എല്ലാം സഹിക്കാമായിരുന്നു - രാവിലത്തെ ആ ഉപ്പുമാവൊഴിച്ച്. ദിവസവും ഉപ്പുമാവ്, അതും ഞങ്ങൾക്കൊന്നും പരിചിതമല്ലാത്ത ഏതോ എണ്ണ ചേർത്തത്. അത് വായിലിട്ടാൽ ഇറക്കാൻ വളരെ പ്രയാസം. കരസേനയിലേക്ക് വേണ്ട ഓഫീസർമാരെ രൂപപ്പെടുത്തിയെടുക്കൽ കൂടി ലക്ഷ്യമായ ഒരു പരിശീലന പരിപാടിയിൽ ഇത്തരം ഭക്ഷണമോ? ഏതായാലും വിഷയം ഞങ്ങൾ പതുക്കെ അച്ചന്റെ ചെവിയിലുമെത്തിച്ചു. പരാതിയായല്ല, ഗതികേടായി.

അന്ന് രാത്രി ലൈറ്റ് ഓഫായി ഡെറിയിൽ മലർന്ന് കിടക്കുമ്പോൾ തിയോഡോഷ്യസ് അച്ചന്റെ കരുണയും വാത്സല്യവും തുളുമ്പുന്ന മുഖം മനസ്സിൽ കണ്ടുകൊണ്ടാണ് ഉറക്കത്തിലേക്ക് വഴുതിയിറങ്ങിയത്. ഞാൻ മാത്രമല്ല, ഞങ്ങളിൽ മിക്കവരും.

അടുത്ത പ്രഭാതത്തിൽ മഗ്ഗും പ്ലേറ്റുമായി പ്രാതലിനു വേണ്ടി ക്യൂ നിൽക്കുമ്പോൾ ഭക്ഷണം കിട്ടിക്കഴിഞ്ഞവർ ചിരിച്ചുകൊണ്ട് തിരിച്ചുവരുന്നു - പ്ലേറ്റിൽ വളരെ രൂപഭേദമുള്ള ഉപ്പുമാവ്, കൂടാതെ ഓരോ ഏത്തപ്പഴവും. തലേദിവസം രാത്രി ഞങ്ങളോട് യാത്ര പറഞ്ഞിറങ്ങിയ പ്രിൻസിപ്പൽ ക്യാംപ് ഒ.സി.യെ കണ്ട് കേഡറ്റുകളുടെ പ്രഭാതഭക്ഷണത്തെപ്പറ്റി ഒരൽപം കർക്കശമായിത്തന്നെ സംസാരിച്ച കാര്യം പിന്നീട് സെബാസ്റ്റ്യൻ സാറിൽ നിന്നും ഞങ്ങൾ അറിഞ്ഞു. അച്ചടക്കമുള്ള ഒരു ക്യാംപിനകത്തല്ലായിരുന്നുവെങ്കിൽ അന്ന് രാവിലെ ആ അഞ്ഞൂറോളം കേഡറ്റുകളും ഒന്നിച്ച് "തിയോഡോഷ്യസ്സച്ചൻ സിന്ദാബാദ്" വിളിച്ചേനെ.

എന്റെ നാല് വർഷത്തെ എൻ.സി.സി. സേവനത്തിനിടക്ക് ഏതെങ്കിലുമൊരു കോളേജ് പ്രിൻസിപ്പൽ എൻ.സി.സി. യുടെ കാര്യത്തിൽ അച്ചനോളം താൽപര്യം കാണിച്ചതായി കണ്ടിട്ടില്ല, കേട്ടിട്ടുമില്ല. 1962-ൽ ചൈനയുടെ ആക്രമണശേഷം യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾക്ക് സാർവത്രികമായി പരിശീലനം നൽകാനായി എൻ.സി.സി. ട്രെയിനിംഗ് കോളജുകളിൽ നിർബന്ധമാക്കി. വിദ്യാർത്ഥികളുടെ പഠിത്തത്തെ ഇത് പ്രതികൂലമായി ബാധിക്കുമെന്ന് അദ്ധ്യാപകരിൽ പലരും ആശങ്കപ്പെട്ടു. പക്ഷേ തിയോഡോഷ്യസ് അച്ചന്റെ കാഴ്ചപ്പാടിൽ ഇത് ഭാവി തലമുറയ്ക്ക് ആരോഗ്യവും അച്ചടക്കവും പ്രദാനം ചെയ്യുന്ന ഒരു ശരിയായ കാൽവെപ്പായിരുന്നു. കോളേജിലെ ബഹുഭൂരിഭാഗം വിദ്യാർത്ഥികളും ഉൾപ്പെടുന്ന വിപുലമായ എൻ.സി.സി യൂനിറ്റ് രൂപപ്പെടുത്തുന്നതിന് അച്ചൻ മുന്നിൽനിന്ന് നേതൃത്വം നൽകി. ദുർവിധി ആ ദീപസ്തംഭത്തെ അകാലത്തിൽ തല്ലിക്കെടുത്തിയതിന്റെ ആഘാതത്തിൽ നിന്ന് കരകയറാൻ കോളേജിനും എൻ.സി.സി ക്കും സ്പോർട്സിനുമെല്ലാം കാലം ഏറെ വേണ്ടി വന്നുവെന്നത് ചരിത്രം.

"ദൈവത്തിനും രാജ്യത്തിനും വേണ്ടി" എന്നത് മുദ്രാവാക്യത്തിലൊതുക്കാതെ തീർത്തും പ്രാവർത്തികമാക്കാൻ അക്ഷീണ പ്രയത്നം ചെയ്ത ആ പുരോഹിതശ്രേഷ്ഠന്റെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരപൂർവ്വം അദ്ദേഹത്തിന്റെ സ്നേഹവാത്സല്യങ്ങൾ നുകർന്ന അനേകരിൽ ഒരാളായി, നമ്രശീർഷനായി നിൽക്കുമ്പോൾ അതിനിടെ അമ്പതോളം വർഷങ്ങൾ കടന്ന് പോയതായി തോന്നുന്നേയില്ല.

# ഒളിമങ്ങാത്ത ഗുരുസ്മൃതി

**സി. കൃഷ്ണൻ നമ്പൂതിരി***



**അന്ന് ഞാൻ സാമൂതിരി കോളേജിൽ നിന്ന്** ഇന്റർമീഡിയറ്റ് പരീക്ഷ പാസായിക്കഴിഞ്ഞ ഒരു പയ്യൻ. സരസ്വതി കടാക്ഷിക്കാറുണ്ടെങ്കിലും ലക്ഷ്മി തിരിഞ്ഞു നോക്കാത്തവൻ. രസതന്ത്രത്തിൽ ബിരുദ പ്രവേശനമാഗ്രഹിച്ച് (അന്ന് കോഴിക്കോട് ബിരുദപഠനത്തിന് ഒരു കോളേജുമില്ലാത്തതിനാൽ) ഏകാകിയായി എറണാകുളം മഹാരാജാസ് കോളേജ് പ്രിൻസിപ്പൽ ശ്രീ. നാരായണയ്യരുടെ മുമ്പിലെത്തി. മാർക്കു നോക്കി അദ്ദേഹം പറഞ്ഞു: ഡിഗ്രി

ക്ലാസിലേക്കെന്നല്ല, ഓണേഴ്സിനുതന്നെ അഡ്മിഷൻ തരാമായിരുന്നു. പക്ഷേ ഒരു മാസം കാത്തിരിക്കണം. പ്രവേശനാർഥികളായി തിരുകൊച്ചി പ്രദേശത്തുകാർ ഇല്ലെങ്കിലേ ഇതരദേശക്കാരന് പ്രവേശനമനുവദിച്ചുകൂടൂ എന്ന അലംഘനീയവ്യവസ്ഥ മൂലമാണിങ്ങനെ പറഞ്ഞത്. ആ അനിശ്ചിതത്വത്തിന് വഴി മാറിക്കൊടുക്കാതെ, അന്വേഷിച്ചന്വേഷിച്ച് അഞ്ചു കിലോമീറ്ററോളം നടന്ന് ഞാൻ സേക്രഡ് ഹാർട്ട് കോളേജിലെത്തി.

അപ്പോഴേക്കും അഞ്ചുമണി കഴിഞ്ഞ് ഓഫീസ് പൂട്ടി എല്ലാവരും പിരിഞ്ഞു പോയിരുന്നു. ഭാഗ്യത്തിന് പ്രിൻസിപ്പൽ ഫാദർ തിയോഡോഷ്യസ് എന്ന മഹാമനസ്കൻ കോളേജങ്കണത്തിലുണ്ടായിരുന്നു. അദ്ദേഹത്തെ സമീപിച്ച് ഉദ്ദേശ്യമുണർത്തിച്ചു. ഇത്രകൂടിപ്പറയുകയും ചെയ്തു: ഇവിടെ പരിചയക്കാരില്ല; മുറിയെടുത്തു താമസിക്കാൻ സാമ്പത്തിക പര്യാപ്തതയില്ല. ഇന്നുതന്നെ കോഴിക്കോട്ടേക്ക് മടങ്ങാതെ പറ്റുകയില്ല. പ്രതിസന്ധിയിൽ ഈശ്വരാനുഗ്രഹത്തിന്റെ ഒരു നൂലിഴ അദ്ദേഹത്തിലൂടെ എന്നിലേക്കെത്തി. അദ്ദേഹം മാർക്കു വാങ്ങി നോക്കി പ്പറഞ്ഞു: “യു മേ ടച്ച് ചാൻസ്”. അദ്ദേഹം തുടർന്നു: അടുത്തുകാണുന്ന മൊണാസ്റ്ററിയിൽ പോയി മുമ്പിലുള്ള കയറുപിടിച്ച് വലിക്കുക. ബെല്ലടി കേൾക്കുമ്പോൾ ഉള്ളിൽ നിന്ന് ആൾ വരും. ഞാൻ നിർദേശിച്ചതായിപ്പറഞ്ഞ് ആപ്ലിക്കേഷൻ ഫോം വാങ്ങി പൂരിപ്പിച്ച് അദ്ദേഹത്തിന്റെ കയ്യിലേൽപ്പിക്കുക. ഇങ്ങനെയൊക്കെ സംഭവിച്ചു. അതേ രാത്രിതന്നെ എനിക്ക് കോഴിക്കോട്ടേക്കുള്ള മടക്കയാത്ര സാധ്യമായി. എന്തൊരു സദയ പരിഗണന! വേണമെങ്കിൽ ഓഫീസുമര്യാദ ലംഘിക്കാതെ തന്നെ പിറ്റേന്നു വരാൻ അദ്ദേഹത്തിന് എന്നോട് കല്പിക്കാം. അങ്ങനെയായിരുന്നെങ്കിലോ? എറണാകുളത്ത് തങ്ങാനിടവരാതെ, ആപ്ലിക്കേഷൻ കൊടുക്കാനും കഴിയാതെ, മറ്റൊരു ദൂരസ്ഥ കോളേജിലെത്തി പരീക്ഷണം തുടരാനാവാതെ, എന്റെ ബിരുദപഠനാശ വായുവിലേക്ക് ബാഷ്പീഭവിച്ചുയരുമായിരുന്നോ?

ആ സാധ്യത തള്ളിക്കളയാനാവില്ല; സാഹചര്യദുരവസ്ഥ അത്തരത്തിലുള്ളതായിരുന്നു. ഏതായാലും രണ്ടു വർഷം കഴിഞ്ഞ് തിളക്കമാർന്ന ബിരുദവുമായി ഭാവിക്കൊരടിക്കല്ലിടാൻ എനിക്കു സാധ്യമായി.

ഫാദർ തിയോഡോഷ്യസ് എന്ന മഹാപുരുഷന്റെ കർമശുദ്ധിയുടേതായ ഒരു നറും മുല്ലപ്പൂ സർവേശ്വരപാദങ്ങളിലെത്തിപ്പരത്തിയ സുഗന്ധം എന്നല്ലാതെന്തു പറയാൻ.

**ദേശകാലങ്ങൾ ദൂരം സൃഷ്ടിച്ചിട്ടും, വിദ്യാർത്ഥി ബന്ധങ്ങളുടെ മനോമുദ്രകൾ തിങ്ങിയിരുന്നിട്ടും എന്റെ നാമരൂപങ്ങൾ തത്ക്ഷണം ഉപബോധമനസ്സിൽ നിന്നുരുത്തിരിച്ചെടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു.**

കോളേജിൽ പ്രിലിമിനറി ഇംഗ്ലീഷ് ക്ലാസ്സ് അദ്ദേഹമാണെടുത്തിരുന്നത്. കൃത്യമായ സമയനിഷ്ഠ, ഉച്ചാരണ ശുദ്ധി, സുശ്രവ്യത, വിശദീകരണങ്ങളുടെ ഉയർന്ന നിലവാരം എന്നീ മുഖമുദ്രകളോടുകൂടിയ അദ്ദേഹത്തിന്റെ ഇംഗ്ലീഷ് ക്ലാസ്സ് കുട്ടികൾക്ക് ഒരു ‘ഹര’മായിരുന്നു. പുറമെ ഒരാൾക്കൂട്ടത്തിലെത്തിയാലോ? ആകാരഗാംഭീര്യം, ആളുകൾക്കിടയിലെ തലയെടുപ്പ്, വേഷത്തിലെ ആധ്യാത്മിക പരിവേഷം, സമീപനത്തിലെ സ്നേഹമസൃണത, ഇതെല്ലാം ചേർന്ന് ക്രമവും അച്ചടക്കവും സ്വയം പടർന്നു പരക്കും.

വ്യക്തിത്വ സവിശേഷതകളിൽ അദ്ദേഹത്തിനുണ്ടായിരുന്ന സ്മൃതിദൃഢത എനിയ്ക്കനുഭവപ്പെട്ടത് ഏറെ വർഷങ്ങൾക്കുശേഷമാണ്. കോഴിക്കോട്ടുവെച്ച്, അങ്ങാടിയിൽ കണ്ടുമുട്ടിയ ഒരു സഹപാഠി, ഫാദർ തിയോഡോഷ്യസ് അമലാപുരി പള്ളിയിലുണ്ടെന്നു പറഞ്ഞു. താമസിയാതെ അവിടെയെത്തി അദ്ദേഹത്തിന്റെ മുറിക്കു പുറത്തുള്ള കാളിങ് ബെല്ലടിച്ചു. ഉടൻ അദ്ദേഹം വാതിൽ തുറന്നെത്തി. മന്ദഹാസയുതവും വാത്സല്യഭരിതവുമായ ഭാവത്തിൽ “എന്തൊക്കെയാ കൃഷ്ണൻ നമ്പൂതിരി? എന്തുചെയ്യുന്നു? സുഖമല്ലേ?” എന്നു ചേദിച്ചു കൊണ്ട് അദ്ദേഹം അടുത്തെത്തി. കോളേജിൽ നിന്ന് ഞാൻ വിട്ടശേഷം എത്ര വർഷങ്ങൾ കഴിഞ്ഞു. അതിനിടയിൽ എത്ര ആയിരം വിദ്യാർത്ഥികളുമായി അദ്ദേഹം ഇടപഴകി. എന്നിട്ടും, ദേശകാലങ്ങൾ ദൂരം സൃഷ്ടിച്ചിട്ടും, വിദ്യാർത്ഥി ബന്ധങ്ങളുടെ മനോമുദ്രകൾ തിങ്ങിയിരുന്നിട്ടും എന്റെ നാമരൂപങ്ങൾ തത്ക്ഷണം ഉപബോധമനസ്സിൽ നിന്നുരുത്തിരിച്ചെടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. അദ്ഭുതമോ, സന്തോഷമോ, ചാരിതാർഥ്യമോ ഏതാണെന്റെ ഹൃദയത്തിലധികമുണർന്നത് എന്ന് പറയാൻ വയ്യ.

പറഞ്ഞു കേട്ടിട്ടുണ്ട്, വായിച്ചിട്ടുമുണ്ട്, ജന്മസിദ്ധമായ ഒരു മഹാഗുണമാണ് സ്മൃതിദൃഢത എന്ന്. അത്യന്തം വിരളമായേ അതിന്റെ ഉദാഹരണങ്ങൾ കാണപ്പെടുകയുള്ളൂ. വിശിഷ്ടാനുഭവങ്ങളയവിറക്കുന്ന സഹപ്രവർത്തകരുടെയും വിദ്യാർത്ഥികളുടെയും ബഹുജനങ്ങളുടെയും ഹൃദയങ്ങളിൽ അദ്ദേഹം ഇന്നും ജീവിക്കുന്നു. അദ്ദേഹത്തിന്റെ മുന്നിൽ ഒരഞ്ചക്ഷരങ്ങൾ സമർപ്പിക്കട്ടെ. “ഗുരവേ നമഃ”.



*തിയോഡോഷ്യസച്ചന്റെ തേവര കോളേജ് കാലത്തെ വിദ്യാർത്ഥി. ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി വിരമിച്ചു. നാലുവാല്യത്തിലുള്ള ‘ഭാരതീയ ശാസ്ത്രചിന്ത’, ‘അസ്ട്രോണമി ഇൻ ഏൻഷ്യന്റ് ഇന്ത്യ’ തുടങ്ങി പത്തോളം കൃതികളുടെ കർത്താവ്*

# ഒരു കൈത്തിരി നാളമായ്

**സാം തോമസ്***

**ഏതൊരാളിന്റെയും ജീവിതത്തിൽ** അതിന്റെ സകല അംശത്തിലും സത്യവും സ്നേഹവും കാരുണ്യവും പ്രകാശിപ്പിക്കുന്നുവോ അവർ ഈശ്വര സമക്ഷം ഗണിക്കപ്പെടുകയും ജനമദ്ധ്യേ ആദരിക്കപ്പെടുകയും ചെയ്യും........

ചിന്തിക്കുന്ന ആർദ്രമായ ഒരു ഹൃദയം, അചഞ്ചലമായ തീരുമാനം, അനുകമ്പ, അറിവ്, അദ്ധ്യാപനശേഷി, പ്രസന്നത, ധർമ്മനിഷ്ഠ, കാര്യനിർവ്വഹണശേഷി തുടങ്ങിയ ഗുണങ്ങൾ ഒത്തു ചേർന്ന ദേവഗിരി കോളേജിന്റെ ഭാഗ്യമായിരുന്ന പ്രഥമ പ്രിൻസിപ്പൽ ഫാ: തിയോഡോഷ്യസ് കരിപ്പാപ്പറമ്പിൽ, സി.എം.ഐ യുടെ നൂറാം ജന്മദിന അനുസ്മരണം, പൂർവ വിദ്യാർഥികളുടേയും സഹപ്രവർത്തകരുടേയും ആഭിമുഖ്യത്തിൽ കൊണ്ടാടുകയാണ്.

1956 ആരംഭകാലം മുതൽ ദേവഗിരി കോളേജിന്റെ സാരഥ്യം വഹിച്ച ആ ഭാഗ്യം 1963 നവംബർ 10 ന് ഓർക്കാപ്പുറത്ത് നമ്മെ വിട്ടകന്നുപോയി. ഈ ഭൂമിയിൽ ജന്മം കൊണ്ടവർക്കൊക്കെ അനിവാര്യമായ ഒന്ന്, പക്ഷേ അത് അകാലത്തിൽ സംഭവിച്ചുവെന്നു മാത്രം. ആ വ്യക്തിത്വത്തിന്റെ പ്രകാശകിരണമേല്ക്കാത്ത, അനുകമ്പയുടെ, ഔദാര്യത്തിന്റെ, സ്നേഹത്തിന്റെ ഫലം അനുഭവിക്കാത്തവർ ആ കാലഘട്ടത്തിൽ ദേവഗിരിയെ സംബന്ധിച്ചിടത്തോളം ആരും തന്നെ ഉണ്ടായിരുന്നില്ലെന്നുപറയാം.

ആ സ്നേഹവും വാത്സല്യവും ആകർഷകമായ പെരുമാറ്റവും എത്രമാത്രമായിരുന്നുവെന്ന് അനുഭവിച്ചറിഞ്ഞിട്ടുള്ള ഞാൻ എന്റെ 1958 മുതൽക്കുള്ള ദേവഗിരി ജീവിതത്തിലെ പരമമായ സന്തോഷം നാം സ്നേഹിക്കപ്പെടുന്നുവെന്നുള്ള വിശ്വാസവും സംതൃപ്തിയുമായിരുന്നു....കാലങ്ങൾ ഏറെ പിന്നിട്ടിട്ടും ആ അനുഭൂതി ഒരു കെടാവിളക്കുപോലെ ഞാൻ കാത്തു സൂക്ഷിക്കുകയും ചെയ്യുന്നു.

"കാലമേ, അവിടുന്ന് മൃതരായവർക്ക് സൗന്ദര്യദായകനും ജീർണ്ണാവശിഷ്ടങ്ങൾക്ക് ചമൽക്കാരകനും വാർന്നൊഴുകുന്ന ഹൃദയത്തിന് സുഖാവഹ ചികിത്സകനുമാകുന്നു,"

"നീതി വിതയ്ക്കുന്നവന്റെ പ്രതിഫലം നിശ്ചിതമാണ്"

എന്നീ സുഭാഷിത വാക്യങ്ങൾ ഇവിടെ പ്രസക്തമാകുന്നു....

**1958 മുതൽ ദേവഗിരി കോളേജ് ഹോസ്റ്റൽ എക്കൗണ്ടന്റ് ആയ സാം തോമസ് ഇന്നും സക്രിയമായി, ദേവഗിരിയുടെ മാറാത്ത അപൂർവമുഖങ്ങളിലൊന്നാണ്. വിദ്യാർത്ഥികൾക്കൊപ്പം കലാലയത്തിന്റെ കലാസപര്യകളിൽ എന്നും സജീവസാന്നിദ്ധ്യമായിരുന്നു.*



കാലത്തിനും സാഹചര്യത്തിനുമനുസരിച്ച് നേതൃത്വശൈലിയിൽ വ്യത്യാസമുണ്ടായിരിക്കും എന്നു സമ്മതിക്കുമ്പോൾ തന്നെ മറ്റുള്ളവരെ മാനിക്കുകയും മനസ്സിലാക്കുകയും സഹിഷ്ണുത യോടെ പെരുമാറുകയും കൃത്യനിർവ്വഹണത്തിൽ കാര്യശേഷിയും പക്വമായ നേതൃത്വശൈലിയും ഒത്തു ചേർന്ന് പ്രവർത്തിക്കുകയും ചെയ്താൽ കാലമോ സാഹചര്യമോ ഒരിക്കലും പ്രതിബന്ധ മാകില്ലെന്നു തീർച്ച.

സമാന ചിന്താഗതിക്കാരും ബന്ധങ്ങളെ നശിപ്പിക്കുന്ന ഗ്രൂപ്പുകളും എതിർ ഗ്രൂപ്പുകളും തമ്മി ലുള്ള അഭിപ്രായ വ്യത്യാസങ്ങളും സംഘട്ടനങ്ങളും ഏതൊരു സ്ഥാപനത്തിന്റെയും പ്രസ്ഥാന ത്തിന്റെയും സുഗമമായ പ്രവർത്തനത്തിന് പ്രതിസന്ധികൾ സൃഷ്ടിക്കുകയും നിലനില്പിനെ ബാധിക്കുകയും ചെയ്യുമെന്നുള്ളത് നിസ്തർക്കമായ കാര്യമാണ്.

ജ്ഞാതവും അജ്ഞേയവുമായ ഒരു ശക്തിയുടെ പ്രവർത്തനം നമ്മിൽ ഓരോരുത്തരിലുമുണ്ട് ഓരോരുത്തർക്കും അവരവരുടേതായിട്ടുള്ള വിശ്വാസ സംഹിതകൾ ബലമാകുന്നതിനു പകരം ബല ഹീനമാകുന്നുണ്ടെങ്കിൽ അതിനു കാരണം ആത്മീയതയില്ലാത്ത അസ്തിത്വമാകുന്നതു കൊണ്ടു തന്നെ സംശയമില്ല...

സ്വതന്ത്രമായ ധൈര്യത്തോടെ, ഒരു ചെറു പുഞ്ചിരിയോടെ വിശാല മനസ്കതയോടെ ആധി കാരികമായി സംസാരിക്കുന്ന തിയോഡോഷ്യസച്ചന് ഞാനെന്ന ഭാവം ഒട്ടും തന്നെ ഇല്ലായിരു ന്നു.

'ഞാനെന്ന ഭാവം ജ്ഞാനിക്കഭാവം' എന്നാണല്ലോ ചൊല്ല്. ഔന്നത്യം ആകാരത്തിൽ മാത്ര മല്ല, ആകാരസൗഷ്ഠവത്തോടൊപ്പം ആത്മാർത്ഥതയും അറിവും കലീനതയും സ്വഭാവഗുണവും ഒത്തു ചേർന്നു കാലത്തിന് സൂക്ഷിക്കാനുതകുന്ന ചെറുതും വലുതുമായ ഒട്ടനവധി കാര്യങ്ങൾ ജീവിതത്തിന്റെ ആകത്തുകയായി മറ്റുള്ളവർ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു പ്രിയങ്കരനായ തിയോഡോഷ്യസച്ചൻ.

പഠനത്തിലെന്ന പോലെ ദേവഗിരി കോളേജ് വിദ്യാർത്ഥികളുടെ ആദ്ധ്യാത്മിക, സാന്മാർഗ്ഗിക വളർച്ചയിൽ പ്രാധാന്യം കൊടുത്തുകൊണ്ടുള്ള അദ്ദേഹത്തിന്റെ നേതൃത്വം സ്തുത്യർഹമായി രുന്നു.

ദേവഗിരി കലാലയത്തിന് സൽക്കീർത്തി നേടിക്കൊടുത്ത് മൺമറഞ്ഞു പോയവരും ഇന്ന് ജീവിച്ചിരിക്കുന്നവരുമായ സ്ഥാപനത്തിലെ വൈദിക ശ്രേഷ്ഠർക്കൊപ്പം അദ്ധ്യാപക-അനദ്ധ്യാ പകരെയും, സമർത്ഥരും പ്രതിഭാശാലികളുമായ മുൻവിദ്യാർത്ഥികളെയും മറക്കുവാനോ മനസ്സിൽ നിന്ന് മായ്ക്കുവാനോ കഴിയില്ല.

കവിയും ഗ്രന്ഥകാരനും ദേവഗിരി കോളേജ് മുൻഅദ്ധ്യാപകനും വൈസ് പ്രിൻസിപ്പലുമാ യിരുന്ന ഡോ: ചെറിയാൻ കുനിയന്തോടത്ത് തിയോഡോഷ്യസച്ചനെ അനുസ്മരിച്ച് രചിച്ച കവി തയിലെ ഏതാനും വരികൾ ഉദ്ധരിക്കുന്നത് അവസരോചിതമെന്നു കരുതുന്നു:

"കാലത്തിനാവില്ല മായ്ക്കുവാനോർമ്മകൾ
കത്തിജ്ജ്വലിച്ചവ നിൽക്കും
കെട്ടുപോയെങ്കിലുമെത്രയും ഭാസുരം
കൈത്തിരിയൊന്നിതാ ഹൃത്തിൽ
വന്ദ്യ പുരോഹിതനാകും തിയോഡോഷ്യസ്
തന്നെയാ കൈത്തിരി നാളം."



# അച്ചനെന്നെ ജേർണലിസ്റ്റാക്കി

**എം.ജെ. ആന്റണി***

**അരനൂറ്റാണ്ടു കഴിഞ്ഞിട്ടും** പ്രിൻസിപ്പലച്ചന്റെ ശബ്ദം കാതിലും കരളിലുമുണ്ട്. അദ്ദേഹം ഞങ്ങളുടെ ഹോസ്റ്റൽ വാർഡനും കൂടിയായിരുന്നു. ന്യൂമാൻ ഹോസ്റ്റലിൽ എന്റെ മുറിയുടെ നേരെ മുകളിൽ ആയിരുന്നു വാർഡന്റെ മുറി. അന്ന് ടെലികോം ടെക്നോളജി പ്രാകൃതമായിരുന്നതിനാൽ ഉറക്കെ പറഞ്ഞാലേ ശബ്ദം എത്തേണ്ടിടത്ത് എത്തുകയുള്ളൂ. അതു കൊണ്ട് അച്ചൻ ഫോൺ ചെയ്യുന്നത് ദേവഗിരിയിൽ ഒരു 'ഗിരി പ്രസംഗം' പോലെ ആയിരുന്നു. ആ ശബ്ദം ഇന്നും ചെവിയിൽ പ്രതിധ്വനിയ്ക്കുന്നു.

അതു പോലെ മനസ്സിലും മുഴങ്ങുന്നു അച്ചന്റെ വാക്കുകൾ. എല്ലാ അസ്സംബ്ലിയിലും ആവർത്തിക്കാറുള്ള വാക്യങ്ങളാണ് ഇവ : 'Let the world be better on account of you; For God and country'. എത്ര പേർ ഇത് ഓർമ്മിക്കുന്നുവെന്നോ അതനുസരിച്ച് പ്രവർത്തിച്ചുവെന്നോ അറിയില്ല. പക്ഷേ, ഒരു ഉപദേശം ഞാൻ ഇപ്പോഴും പ്രായോഗികമാക്കുന്നുണ്ട്. പരീക്ഷകൾക്കു മുമ്പ് ഒരു കള്ളച്ചിരിയോടെ അദ്ദേഹം പറയുമായിരുന്നു: 'നീട്ടിവലിച്ചെഴുതരുത്. അധികം എഴുതിയാൽ അധികം തെറ്റുകളുമുണ്ടാകും. അതുകൊണ്ട് അറിയുന്നത് ചുരുക്കി എഴുതുക.'

പരീക്ഷകൾക്കു മാത്രമല്ല, ജീവിതത്തിലും ഇതു നല്ല നയമാണ്. പത്രപ്രവർത്തനത്തിൽ നാല്പത്തഞ്ച് കൊല്ലം പിന്നിട്ട എനിക്ക് ഇത് വളരെ ഉപകരിച്ചു.

എഞ്ചിനീയറിംഗ് പഠനം ലക്ഷ്യമിട്ട് മാത്തമാറ്റിക്സ് ബി.എസ്.സിക്കു ചേർന്ന എന്നെ വഴിതിരിച്ച് പത്രപ്രവർത്തനത്തിലേക്ക് വിട്ടതും അച്ചൻ തന്നെ. അദ്ദേഹം എന്റെ ഇംഗ്ലീഷ് അദ്ധ്യാപകൻ കൂടി ആയിരുന്നു. ഷേക്സ്പിയറിന്റെ *കിങ്ങ് ലിയർ* ട്രാജഡിയുടെ അവസാന രംഗങ്ങൾ അദ്ദേഹം മേശയ്ക്ക് ചുറ്റും ഓടിനടന്ന് വിവരിക്കുന്നതും അതിലേറെ അഭിനയിക്കുന്നതും ഇപ്പോഴും ഓർമ്മയിൽ പച്ചയായി നിൽക്കുന്നു. ളോഹയുടെ ഭാഗമായ ഉത്തരീയം മേശയ്ക്കു ചുറ്റും ഓടുമ്പോൾ ഇതാ, പറക്കുന്നു!

പ്രകൃതി സൗന്ദര്യം നിറഞ്ഞ കാമ്പസ് ഒരുക്കിയതിനു മാത്രമല്ല, ഏറ്റവും നല്ല 'ഫാക്കൽറ്റി'യെ തിരഞ്ഞു പിടിച്ചതിനും അച്ചനെ പ്രകീർത്തിക്കണം. ഉദാഹരണമായി സുകുമാർ അഴീക്കോട് മാഷ്, എന്റെ മലയാളം വാദ്ധ്യാർ. മഹാകവി പി. കുഞ്ഞിരാമൻ നായരുടെ "അരങ്ങേറ്റം" മാഷുടെ വ്യാഖ്യാനത്തോടെ പഠിച്ചത് ഒരു അനുഭവമായിരുന്നു. ഒരു മണിക്കൂറിൽ മൂന്നു വരി. അതിനിടയ്ക്ക് കംപാരറ്റീവ് യൂറോപ്യൻ സാഹിത്യം മുഴുവൻ താണ്ടി മടങ്ങി വരും. സിലബസ് തീർക്കുന്നതൊന്നും പ്രശ്നമല്ല. ലെക്ചർ അവസാനിക്കുമ്പോൾ ഒരു തമാശയും. ഒരിക്കൽ ഞാനും അതിനിരയായി: "എത്ര നേരമാടോ വായ തുറന്നിരിയ്ക്കുന്നത്?" അപ്പോഴാണ് സാഹിത്യത്തിന്റെ മായാജാലത്തിൽ ഞാൻ എന്നെത്തന്നെ മറന്നിരിയ്ക്കുകയായിരുന്നുവെന്ന് ബോധം വന്നത്.

അങ്ങിനെ എഞ്ചിനീയർ ആകാൻ പുറപ്പെട്ട ഞാൻ ഒരു hack (കോടാലി) writer ആയി മാറി. നിയമത്തിലും പത്രപ്രവർത്തനത്തിലും ബിരുദം നേടിയ ശേഷം ഡൽഹിയിൽ ഇപ്പോഴും വിരൽ ചലിപ്പിയ്ക്കുന്നു. Creative writing ന് കഴിവില്ലാത്തവർക്കു വിധിച്ചിട്ടുള്ളതാണ് hack writing. ഇപ്പോൾ അച്ചനെ കണ്ടാൽ ഞാൻ പറയും: 'നിങ്ങൾ എന്നെ ജേർണലിസ്റ്റ് ആക്കി' എന്ന്.

**1962 ൽ ദേവഗിരിയിൽ നിന്ന് മാത്സ് ബിരുദം സമ്പാദിച്ച ശേഷം മദ്രാസിൽ നിന്ന് നിയമത്തിലും നാഗപ്പൂരിൽ നിന്ന് പത്രപ്രവർത്തനത്തിലും ബിരുദം സമ്പാദിച്ച ശ്രീ ആന്റണി ഇന്ത്യൻ എക്സ്പ്രസ് പത്രത്തിന്റെ സുപ്രീം കോർട്ട് കറസ്പോണ്ടന്റായിരുന്നു. ഇപ്പോൾ ബിസിനസ് സ്റ്റാന്റേർഡ് പത്രത്തിന്റെ കോളമിസ്റ്റ്. ഒട്ടേറെ പോപ്പുലർ നിയമകാര്യഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്*



# ഓർമ്മകളിൽ ഒരു സുഖാനുഭവം

കെ.എ. വർഗ്ഗീസ് *

**കോഴിക്കോട് ദേവഗിരി കോളേജ്** ഹോസ്റ്റൽ ജീവിതകാല അദ്ധ്യയനം കഴിഞ്ഞ് ജൂനിയർ ലെക്ചറർ തസ്തികയിൽ അതേ കോളേജിൽ ഞാൻ 1965-66-ൽ എത്തുമ്പോഴേക്കും കോളേജിന്റെ ജീവനാഡിയും പ്രഥമ പ്രിൻസിപ്പലുമായിരുന്ന ഫാ: തിയോഡോഷ്യസ് ഈ ലോകം വിട്ടകന്നിരുന്നു. 1963 നവംബർ 10 ന് ആ മഹാനുഭാവൻ അന്തരിച്ചു.

അദ്ധ്യാപകവൃത്തിയിലുണ്ടായിരുന്ന 1965-66 ഹ്രസ്വമായകാലയളവാണെങ്കിലും ഇന്ന് എന്റെ മനസ്സിൽ തങ്ങി നില്ക്കുന്ന ചൈതന്യവത്തായ കാലയളവും അതുതന്നെ.

വർഷങ്ങളുടെ നീണ്ട ഇടവേളയ്ക്കു ശേഷം ഓർമ്മകൾ കൂട്ടിയിണക്കുമ്പോൾ പുനർ ജനിച്ച ഒത്തിരി ഒത്തിരി ഓർമ്മകൾ അനുഭൂതിയുടെ വിരിമാറിലേക്ക് പറന്നുയരുന്നതുപോലെ അനുഭവപ്പെടുന്നു. ചിരിക്കാനും ചിന്തിക്കാനുമുതകുന്ന നിരവധി മുഹൂർത്തങ്ങൾ, വിജ്ഞാന തൃഷ്ണ നിറഞ്ഞ ഗുരുഭൂതന്മാർ, ഇന്നും കാത്തു സൂക്ഷിക്കുന്ന ഹൃദ്യമായി അനുഭവപ്പെട്ട സുഹൃദ്ബന്ധങ്ങൾ, സാംസ്കാരിക -സാഹിത്യ ചർച്ചകൾ, തത്വചിന്തകളും ബൗദ്ധിക ചിന്തകളും അഭിരുചികളും സ്വഭാവ ഐക്യതയും ഒത്തു ചേർന്ന മാസ്മരികമായ എന്തോ ഒരു സവിശേഷത ആ കാലത്ത് അനുഭവപ്പെട്ടിരുന്നു എന്നതാണ് സത്യം.

ആ കാലത്തുണ്ടായിരുന്ന അദ്ധ്യാപക ശ്രേഷ്ഠരുടേയും എന്റെ സഹ അദ്ധ്യാപക സുഹൃത്തുക്കളുടെയും ആശയങ്ങളും ആദർശങ്ങളും അദ്ധ്യാപനവും ഏറെ വിലപ്പെട്ടതായിരുന്നു. തന്റെ ശിഷ്യരുടെയെന്നപോലെ സമൂഹത്തിന്റെ നന്മയ്ക്കു വേണ്ടി പലതും ചെയ്തിട്ടുള്ളവരായ ചിന്തകരും കവികളും സാഹിത്യ പ്രതിഭകളും ഗ്രന്ഥകാരന്മാരും ആ കാലത്ത് ദേവഗിരി കോളേജിൽ ഉണ്ടായിരുന്നു. അത്തരം പ്രതിഭകളെ കണ്ടെത്തി അദ്ധ്യാപകരായി നിയമിക്കുന്ന കാര്യത്തിൽ ഫാദർ തിയോഡോഷ്യസ് കാണിച്ച വൈഭവവും അദ്ദേഹത്തിന്റെ ഔദാര്യപൂർണവും ബുദ്ധിപരവുമായ ഇടപെടലുകളും, പാവപ്പെട്ട അനേകം വിദ്യാർത്ഥികൾക്ക് തണലേകിയിട്ടുള്ള കാര്യം എന്നിവയെപ്പറ്റിയെല്ലാം സഹപ്രവർത്തകർ വാചാലരാകുന്നത് ഞാൻ കേട്ടിട്ടുണ്ട്.

ഏവർക്കും പ്രിയങ്കരനായിരുന്ന തിയോഡോഷ്യസച്ചന്റെ നൂറാം ജന്മദിന സ്മരണകളുടെ മുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചു കൊള്ളട്ടെ.



** കെമിസ്ട്രി ഡിഗ്രി വിദ്യാർത്ഥി പിന്നീട് ജൂനിയർ ലക്ചററും. കേരളാ സോപ്സ് സൂപ്രണ്ടായി വിരമിച്ചു.*



# സംപൂജ്യനായ ആത്മീയ ഗുരു

കമാൻഡർ പി. ദാമോദരൻ*

**വാക്കുകൊണ്ട്** വിവരിക്കുവാൻ പറ്റാത്ത മഹിമയെ വർണിക്കാൻ ശ്രമിക്കുമ്പോൾ ഉണ്ടാകുന്ന ഉദ്വേഗം മനസ്സിൽ നിറയുകയാണ്. തിയോഡോഷ്യസ് അച്ചൻ എന്ന അതികായന്റെ മഹത്ത്വത്തെ വിവരിക്കുവാൻ ഒരു ആശയം മാത്രമേ മനസ്സിൽ കടന്നുവരുന്നുള്ളൂ: ദേവഗിരി കോളേജിന്റെ ചരിത്രത്തിൽ ഡോ.തിയോഡോഷ്യസ് അച്ചന് പകരം മറ്റൊരു പ്രതിഭയും ഉണ്ടായിട്ടില്ല, ഉണ്ടാവുകയുമില്ല.

ബുദ്ധിശക്തികൊണ്ടും പാണ്ഡിത്യം കൊണ്ടും മറ്റുള്ളവരെ ത്രസിപ്പിക്കുവാനും രസിപ്പിക്കുവാനും ശ്രമിച്ച ഒരു ബുദ്ധിരാക്ഷസനോ ഗന്ധർവ്വനോ ആയിരുന്നില്ല തിയോഡോഷ്യസ് അച്ചൻ. മറിച്ച്, ഈശ്വരീയമായ കഴിവുകൾ ചിന്തയിലും വാക്കിലും പ്രവൃത്തിയിലും മറ്റുള്ളവരുടെ മുമ്പിൽ തന്റേതായ തനിമയിൽ പ്രദർശിപ്പിച്ച സാത്വികനായ ആത്മീയഗുരു ആയിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ മോറൽ സയൻസ് ക്ലാസ്സുകൾ ഫിസിക്സിനു അപ്പുറത്തുള്ള മെറ്റാഫിസിക്കൽ തലത്തിലേക്കും, ഇന്ദ്രിയജ്ഞാനത്തിന് അപ്പുറത്തുള്ള അതീന്ദ്രിയജ്ഞാനത്തിലേക്കും വിരൽ ചൂണ്ടുന്നവയായിരുന്നു. നേരിന്റെയും നെറിയുടെയും വഴിത്താരയിലൂടെ സഞ്ചരിച്ച ഒരു ധീര ആത്മീയനേതാവിന്റെ ജീവിതചര്യയുടെ സ്ഫുരണം മറ്റുള്ളവരുടെ നന്മയ്ക്ക് വേണ്ടി വിനിയോഗിച്ച അദ്ധ്യാപകനായിരുന്നു അദ്ദേഹം. ഇതാണ് അദ്ദേഹത്തെ മറ്റുള്ളവരിൽ നിന്ന് വേർതിരിച്ചു നിറുത്തിയത്.

ഭൗതീകശാസ്ത്രത്തിന്റെ പിറകിൽ കടിച്ച് തൂങ്ങുവാനല്ല അദ്ദേഹം ഉപദേശിച്ചത്, നേരെ മറിച്ച് ആത്മീയതയുടെ പാതയിലേക്ക് കയറിച്ചെല്ലുവാനാണ് ആഹ്വാനം ചെയ്തത്. ഭൗതികശാസ്ത്രം, സ്വന്തം ബുദ്ധിശക്തിയുടെ വെറും പത്ത് ശതമാനം മാത്രം ഉപയോഗപ്പെടുത്തുന്ന വിഡ്ഢികളുടെ സമൂഹത്തെ മാത്രമേ സൃഷ്ടിക്കുന്നുള്ളൂ. സ്വന്തം ബുദ്ധിശക്തിയുടെ നൂറ് ശതമാനം ഉപയോഗപ്പെടുത്തുവാൻ അവസരം ഒരുക്കുന്ന ആത്മീയതയിലേക്കു തന്റെ വിദ്യാർത്ഥികളെ കൈപിടിച്ച് ഉയർത്തുവാനാണ് അദ്ദേഹം ശ്രമിച്ചത്.

ദേവഗിരി കോളേജിലെ വിദ്യാഭ്യാസത്തിനു ശേഷം അമ്പതോളം പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ കടന്നുവന്ന എനിക്ക് മറ്റൊരു വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നും തിയോഡോഷ്യസ് അച്ചനിൽനിന്നു ലഭിച്ച അറിവോ അനുഭവമോ അനുഭൂതിയോ നേടാൻ കഴിഞ്ഞിട്ടില്ല. അച്ചന്റെ മോറൽ സയൻസ് മറ്റെവിടേയും ഒരു പാഠ്യവിഷയം ആയിരുന്നില്ല, അതവർക്ക് അന്യമായിരുന്നു.

പിന്നിട്ട വർഷങ്ങളിലേക്കും അനുഭവങ്ങളിലേക്കും മനസ്സ് പിൻതിരിഞ്ഞ് ചെല്ലുമ്പോൾ തിയോഡോഷ്യസ് അച്ചനെപ്പോലെ മഹനീയനായ മറ്റൊരു ആദർശ ഗുരുനാഥനെയും ആത്മീയ പ്രതിഭയേയും കണ്ടെത്തുവാൻ എനിക്ക് കഴിയുന്നില്ല. ആ പുണ്യാത്മാവിന്റെ പാവനസ്മരണക്കു മുമ്പിൽ ആദരവിന്റെ റോസാപ്പൂക്കൾ അർപ്പിക്കുവാൻ മനസ്സ് വെമ്പൽ കൊള്ളുന്നു.

*1963 ഫിസിക്സ് ബിരുദബാച്ചിൽപെട്ട ലേഖകൻ നേവി കമാണ്ടറായി വിരമിച്ചശേഷം ഹോമിയോപ്പതി ഭിഷഗ്വരനായി ആതുര സേവയിലും ആത്മീയ വിചാരത്തിലും മുഴുകി കോഴിക്കോട്ടു ജീവിക്കുന്നു.*









# സ്തുതിയായിരിക്കട്ടെ

**പി.എം. മത്തായി***

**1960 ജൂൺ മാസത്തെ ഉച്ചച്ചൂടിൽ** നിക്കറും ഷർട്ടുമിട്ട ഒരു ബാലൻ പിതൃസഹോദരനുമൊത്ത് 'സെന്റ് ജോസഫ്സ് കോളേജ്, ദേവഗിരി' എന്ന് ആലേഖനം ചെയ്ത ആ വലിയ കവാടവും കടന്ന് പേരുമാത്രം കേട്ടു പരിചയമുള്ള കലാലയത്തിലേക്ക് കയറിച്ചെന്നു. ആ ബാലനോ പിതൃസഹോദരനോ ഇത്തരമൊരു സ്ഥലം മുമ്പു കണ്ടിട്ടില്ല. ആരോടൊക്കെയോ ചോദിച്ച്, ചോദിച്ച് പ്രിൻസിപ്പലിന്റെ മുറിക്ക് മുന്നിലെത്തി.

വരാന്തയിൽ നിന്ന ഒരാൾ—പ്യൂണായിരിക്കണം—പറഞ്ഞു: "പ്രിൻസിപ്പാൾ ഊണ് കഴിക്കാൻ പോയി, രണ്ട് മണിക്ക് വരും".

വാച്ചില്ല. സമയമറിയാനും വഴിയില്ല. തൊമ്മൻ പാപ്പൻ (പിതൃസഹോദരൻ) പറഞ്ഞു. "എടാ, നമുക്ക് അച്ചനെ അങ്ങോട്ട് പോയി

*1964 ൽ ബിരുദവും 1968 ൽ എം.എ. ബിരുദവും കോളേജിൽ നിന്നു പൂർത്തിയാക്കിയ ലേഖകൻ സംസ്ഥാനത്തെ ദേശീയ സമ്പാദ്യനിധി ഡയറക്ടറായി വിരമിച്ചു. പഠനകാലത്ത് ജൂനിയർ അത്‌ലറ്റിക്സ് ചാമ്പ്യനായിരുന്നു. അഭിനയത്തിൽ തല്പരനായ മത്തായി ഏതാനും സിനിമകളിലും ഒട്ടേറെ ടി വി സീരിയലുകളിലും അഭിനയിച്ചിട്ടുണ്ട്.







കാണാം.'' വിശപ്പും പരിഭ്രമവും കൊണ്ട് പരവശരായ ഞങ്ങൾ പ്രീസ്റ്റ് ഹോമിൽ എത്തി. മുന്നിൽ തന്നെ നില്ക്കുന്നു, ഒരു ദീർഘകായൻ; ആറടിയിലേറെ പൊക്കം, കറുത്ത ശരീരം.

''ഊം?'' അദ്ദേഹം തിരക്കി.

''പ്രിൻസിപ്പാളച്ചനെ കാണാൻ ......'' തൊമ്മൻ പാപ്പൻ ശങ്കിച്ചുകൊണ്ട് പറഞ്ഞു.

''പ്രിൻസിപ്പാൾ ഓഫീസിൽ വരും.'' വേറൊരക്ഷരവും ഉരിയാടാതെ അദ്ദേഹം അകത്തേക്ക് പോയി.

വിശക്കുന്ന വയറുമായി വീണ്ടും കോളേജിലേക്ക്. കുറെ കഴിഞ്ഞപ്പോൾ പ്യൂൺ വന്ന് പറഞ്ഞു: ''പ്രിൻസിപ്പാൾ വന്നിട്ടുണ്ട്.''

വിറക്കുന്ന പാദങ്ങളോടെ ഞങ്ങൾ അകത്ത് കയറി. നേരത്തെ പ്രീസ്റ്റ് ഹോമിൽ കണ്ട ദീർഘകായൻ ളോഹയണിഞ്ഞ് കസേരയിലിരിക്കുന്നു.

വീണ്ടും ''ഉം?''

''ഇവന് കോളേജിൽ ചേരണം.''

''ചേർന്നോ''- അച്ചൻ നിസ്സംഗതയോടെ.

ഒന്നും മനസ്സിലാവാതെ അവർ പരസ്പരം നോക്കി. നിശബ്ദത. കണ്ണിൽ ഇരുട്ട്കയറുന്നുവോ?

''കോളേജിൽ ചേർന്നോളാൻ പറഞ്ഞില്ലേ?'' വീണ്ടും നീണ്ട നിശബ്ദത.

രൂപവും ഭാവവും കണ്ട് അച്ചന് ഞങ്ങളെപ്പറ്റി ഏകദേശം മനസ്സിലായിക്കാണും.

പിന്നെ മയത്തിൽ: ''എവിടെയാ വീട്?''.

''കൂടരഞ്ഞി.''

''സർട്ടിഫിക്കറ്റ് എവിടെ?''

പത്രക്കടലാസിൽ പൊതിഞ്ഞ SSLC ബുക്ക് കൊടുത്തു. അച്ചൻ സർട്ടിഫിക്കറ്റിലേക്കും പയ്യന്റെ മുഖത്തേക്കും മാറി മാറി നോക്കി. അച്ചന്റെ മുഖത്ത് ഒരു മൃദുലഭാവം, ഒരു നേരിയ മന്ദഹാസം. അന്നത്തെ നിലക്ക് സാമാന്യം നല്ല മാർക്കുണ്ട്.

''പോയി ചേർന്നോളൂ.'' ''ചേർന്നാൽ എവിടെ താമസിക്കും?'' - അടുത്ത ചോദ്യം.

''അറിയില്ല.''

''ഇവിടെ ഹോസ്റ്റലുണ്ട്''-- അച്ചൻ പറഞ്ഞു: ''മാസം പത്തു നാല്പത് രൂപയാവും.''

ബോധം കെട്ടില്ലെന്നേയുള്ളൂ - മാസം പത്തിനാല്പത് രൂപ!- അവർ മുഖത്തോട് മുഖം നോക്കി.

''ഊം എന്താ?'' അച്ചൻ ചോദിച്ചു.

''അച്ചോ, ഞങ്ങൾ പാവപ്പെട്ടവരാ. കുറച്ച് സ്ഥലമൊക്കെയുണ്ട്, പക്ഷേ പണം..... മുളക് പറിക്കുമ്പോൾ തരാം....''പാപ്പൻ പറഞ്ഞു.

നിശബ്ദത, അച്ചൻ വീണ്ടും സർട്ടിഫിക്കറ്റിൽ നോക്കി. ''നിങ്ങളൊന്ന് പുറത്ത് പോയി നില്ക്കു.'' അച്ചൻ ബെല്ലടിച്ചു. പ്യൂൺ ഓഫീസ് സൂപ്രണ്ടിനെ കൂട്ടിക്കൊണ്ടുവന്നു. അകത്ത് ചർച്ച.....പുറത്ത് ആകാംക്ഷയുടെ നിമിഷങ്ങൾ.....

കുറച്ച് കഴിഞ്ഞ് അച്ചൻ വീണ്ടും വിളിച്ചു.

''ഊം. ചേർന്നോ. പണം ഉണ്ടാവുമ്പോൾ തന്നാൽ മതി.'' ആശ്വാസത്തിന്റെ നിമിഷങ്ങൾ.

ഇന്ന് 2011 ൽ കോളേജ് വരാന്തയിൽ നിൽക്കുമ്പോൾ എല്ലാം മനസ്സിൽ തെളിഞ്ഞു വന്നു. സമൂഹത്തിൽ മാന്യമായൊരു ജോലിയും പദവിയും നേടാനായ എന്നെ ''ഞാനാക്കിയ'' കലാലയത്തോടും തിയോഡോഷ്യസ് അച്ചനോടും എന്റെ കടപ്പാട് വാക്കുകളിലൊതുക്കാൻ വയ്യ. വാത്സല്യ പൂർവ്വം എന്നെ ''തീപ്പൊരീ...'' എന്ന് വിളിക്കുമായിരുന്ന അച്ചന്റെ നൂറാം ജന്മദിനവേളയിൽ എന്റെ മനസ്സ് ആദരപൂർവ്വം മന്ത്രിക്കുന്നു:

''അച്ചോ, ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ!''





# മരം പെയ്യുന്നു

**കെ. എഫ്. ജോർജ്***

**പെരുമഴ തോർന്നാലും വൻമരങ്ങൾ പെയ്തുകൊണ്ടേയിരിക്കും.** മഴത്തുള്ളികളെ കാരുണ്യ പൂർവ്വം ഇലച്ചാർത്തിൽ അടുക്കിപ്പിടിച്ച മര മുത്തശ്ശന്മാർ ഏറെനേരം കൂടി മഴയുടെ കുളിരും തണുപ്പും മണ്ണിലേക്കു ചൊരിയും.

ദേവഗിരിയിൽ ഏതു ചടങ്ങു നടന്നാലും ഫാ. തിയോഡോഷ്യസിന്റെ പേര് എപ്പോഴെങ്കിലും പരാമർശിക്കപ്പെട്ടിരിക്കും. ദേവഗിരിയെക്കുറിച്ചുള്ള ലേഖനങ്ങളിൽ ഇപ്പോഴും ആ പേര് കടന്നുവരുന്നു. കാലഗണന വച്ചു നോക്കിയാൽ ഹ്രസ്വമായ ആ ജീവിതം ഈ കലാലയത്തെ എത്രമാത്രം ധന്യമാക്കിയിരിക്കുന്നുവെന്നതിന്റെ തെളിവാണത്. കാണാമറയത്താണെങ്കിലും ആ വടവൃക്ഷത്തിൽ നിന്നുള്ള ചൈതന്യധാര ദേവഗിരിമണ്ണിനെ നനച്ചു വളർത്തിക്കൊണ്ടേയിരിക്കുന്നു.

ഞാൻ ഫാ. തിയോഡോഷ്യസിനെ കണ്ടിട്ടില്ല; അദ്ദേഹം മരിക്കുമ്പോൾ പ്രൈമറി സ്കൂൾ വിദ്യാർത്ഥി മാത്രം. പക്ഷേ ചരമവാർത്ത പത്രത്തിൽ വന്ന ദിവസം ഞങ്ങളുടെ അദ്ധ്യാപകൻ മഹാനായ പ്രിൻസിപ്പലാണ് വിട്ടു പോയതെന്നും മറ്റും പറഞ്ഞത് ഓർക്കുന്നു.

പ്രീഡിഗ്രി വിദ്യാർത്ഥിയായി 1969-ൽ കോളേജിലെത്തുമ്പോൾ ഫാ. തിയോഡോഷ്യസിന്റെ അപ്രദാനങ്ങൾ അന്തരീക്ഷത്തിൽ നിറഞ്ഞു നിന്നിരുന്നു. എന്തുകാര്യം പറഞ്ഞാലും തിയോഡോഷ്യസ് അച്ചന്റെ സുവർണകാലവുമായുള്ള താരതമ്യത്തിലാണ് ചെന്നെത്തുക. മഹാരഥന്മാർ തേർ തെളിച്ച കലാലയമാണല്ലോ ഇത്. വീരശൂരപരാക്രമികളായ പൂർവികർ നിറഞ്ഞ രാജപരമ്പരയിൽ പിറന്ന രാജകുമാരന്മാരെപ്പോലെ ഞങ്ങൾ അഭിമാനപുളകിതരായിരുന്നു. പഠിക്കുന്ന കലാലയത്തിന്റെ പാരമ്പര്യം കൗമാരക്കാർക്കു പകർന്നു നൽകുന്ന ആത്മവിശ്വാസം ചെറുതല്ല. ആ നല്ല തുടക്കവും അതിനനുസരിച്ചുള്ള വളർച്ചയുമാണ് ദേവഗിരിയിലെ പൂർവ്വ വിദ്യാർത്ഥിയെന്നു പറയാനുള്ള ആത്മാഭിമാനം ഉള്ളിൽ നിറച്ചത്.

ഫാ. തിയോഡോഷ്യസിന്റെ പേരിലുള്ള പ്രസംഗമത്സരം ആയിരത്തിതൊള്ളായിരത്തി എഴുപതുകളിൽ കോളേജ് വിദ്യാർത്ഥികൾക്കുള്ള ഏറ്റവും വലിയ പ്രസംഗ മത്സരമായിരുന്നു. കേരളത്തിലെ മികച്ച കലാലയങ്ങളിലെ വിദ്യാർത്ഥികൾ ഇവിടെ മത്സരത്തിനെത്തി. ഇന്ന് ഇന്ത്യൻ സിവിൽ സർവ്വീസിലുള്ള സി.വി. ആനന്ദബോസ് മൂന്നു തവണ ഈ ട്രോഫി നേടി. പ്രശസ്തമാധ്യമ പ്രവർത്തകൻ കെ. പി. മോഹനൻ, ഹയർ സെക്കൻഡറി വിദ്യാഭ്യാസ ഡയറക്ടറായിരുന്ന ജെയിംസ് ജോസഫ്, അന്തരിച്ച എഴുത്തകാരൻ പി.വി. രവീന്ദ്രൻ തുടങ്ങിയവർ ഈ ട്രോഫി നേടിയവരിൽപ്പെടുന്നു.

കെട്ടിടത്തിന് അടിത്തറയെന്നതുപോലെ സ്ഥാപനത്തിന് സ്ഥാപക പിതാക്കൾ പ്രധാനമാണ്. അവരുടെ സ്വപ്നവും ദർശനവും പ്രായോഗിക മികവുമാണ് ആ സ്ഥാപനത്തിന്റെ ഭാവി കുറിക്കുന്നത്. സർഗാത്മകതയും ആധ്യാത്മിക ആഴവും വിശാലവീക്ഷണവുമുള്ള ഫാ. തിയോഡോഷ്യസിനെപ്പോലെയുള്ള പിതാക്കന്മാരാണ് ദേവഗിരിക്ക് അടിത്തറയിട്ടത്. അവരുടെ ദർശന പൂർത്തീകരണത്തിന് കൂടെ തുഴയാൻ പ്രഗൽഭ ഗുരുനിരയുമുണ്ടായിരുന്നു. ഉറപ്പുള്ള പാറമേൽ പണിത കലാലയമായതുകൊണ്ടാണ് ദേവഗിരി പ്രശസ്ത കലാലയമായത്. അതിനാൽ ദേവഗിരിക്ക് ഇനിയും എത്ര വേണമെങ്കിലും വളരാം.



**പൂർവ്വ വിദ്യാർത്ഥി, ഗ്രന്ഥകർത്താവ്, പത്രപ്രവർത്തകൻ, മലയാള മനോരമ അസ്സിസ്റ്റന്റ് എഡിറ്റർ, ദേവഗിരി കോളേജ് അലുംമ്നി അസോസിയേഷൻ മുൻ പ്രസിഡന്റ്.*





# In his own image

Prof. K.P. JAYACHANDRAN*

God lives in our midst and talks to us , gives us the courage and confidence to confront crises, and above everything else , loves all of us. This is what I felt in the halcyon days of Devagiri where I enrolled in the Pre-University class – the predecessor of the Pre-Degree course. There were great men in all the departments. Dr. Sukumar Azheekode and Thayat Sankaran in the department of Malayalam; Dr. Sivarama Subramania Iyer to head the Department of English, Prof. V.A. Kesavan Namboothiri in Hindi, Prof. A.O.Kunhipaulo, Mr. Narayanaswamy in Mathematics, the A.O. Thomas - Scaria - Ittoop trio in Chemistry, Dr. Vijayamadhavan in Zoology, Prof. Mathew Thamarakkad in Botany and the man who stood head and shoulders above the rest and occupied the office of the Principal - Fr. Theodosius. All these luminaries were gleaned from various parts of Kerala to make Devagiri a centre of excellence. Fr. Theodosius was the one man who performed this stupendous task when destiny chose him to don the mantle of the head of the CMI institution in Malabar. He was only 46 at the time . But he did things that transformed the hill to a temple where pilgrims seeking knowledge flocked from distant and remote lands.

The entire Pre-University class – numbering more than 300- assembled in the Auditorium on the first floor. The towering figure of the Principal appeared on the stage. And what followed was an electrifying



** Retired H.O.D. of English and acting Principal, Sree Narayana College, Chelannur*

flow of words, interspersed with anecdotes , shifting effortlessly from English to Malayalam and *vice versa* (and how eloquent and proficient he was in both these languages!) That was more than an introduction to the temple of learning – that was an exhortation to devote oneself to the pursuit of knowledge to take up the assigned roles in society. He was always in our midst, reminding us of the task entrusted to us. He was a model to emulate for those who aspired to head an institution of learning. He conquered our hearts with love; he commanded our respect by the affection he showed to us.

Devagiri which started under the University of Madras was later on affiliated to the University of Kerala and Fr.Theodosius was nominated a member of the University Syndicate. He used to attend the Syndicate meetings without fail. Anyone who visited the Newman Hostel in which he was the warden (how many of the present day Principal would condescend to play that additional role?) would not feel the difference on days the shepherd was away. The disciplined life in the hostel was a tribute to the affection he bestowed on the children. And there were many lessons in that for those who move from crisis to crisis in such institutions. I can still recall the tall dark figure in black pants and white vest majestically pacing the verandah leaving behind the sweet aroma of the half-a-corona cigar on his lips. (This habit probably must have caused the fatal illness which snatched him away from us!)

I had the great fortune to attend his Shakespeare class in the first year of the degree course. The prescribed play was *Julius Caesar.* The class was about 200 strong with students from all the degree classes. He virtually held us spellbound. Suffice it to say, I never had to look for meanings and interpretations in later years when I had to teach the play to undergraduates. It was almost like the play being enacted in front of us. We heard both Mark Antony and Brutus and, like the fickle Roman mob, nodded in agreement with the philosophical maxims of Brutus and the next



*The writer in front of the plaque bearing the name of Father Theodosius at the cemetary in Mannanam*

instant were carried away by the eloquence of Antony and wanted to join the Romans in ensuing the rampage. It was a total experience. And right on time he finished the last scene of the play and had ample time to dictate essays on important topics and mark the annotations. During one of the classes he remarked that Shakespeare was 54 when he died. 'I am 54 now', he added. (Did he have any premonition that he was going to die that November ?) At the end of the year when we wrote the University examination we had reason to be grateful to this teacher of teachers because all the questions he had marked as VVI (very very important) appeared almost in the same order in the question paper!

Life in Devagiri was not all study and no leisure! There were mock parliaments to provide basic lessons in democratic procedures and to provide aspiring politicians a platform for public speaking. *Sahithya sammelans* were a regular annual feature. Writers from all over Kerala took part in the three-day programme, a day each set apart for poetry, criticism and fiction. It was an inspiring experience for those with literary aptitude. Fr. Theodosius himself was an integral part of the social and cultural events in Calicut.

I distinctly remember that November evening (when I returned to the hostel after a weekend) when a sudden pall of gloom fell over Devagiri with the arrival of the news from CMC Hospital, Vellore, that Fr.Theodosius was no more. The bereaved Devagiri moved in a convoy of vehicles to Kottayam piloted by Major Sebastian P Joseph on his Bullet bike. On the way at Thrissur we joined the cortege carrying the body of Fr. Theodosius. That evening when the vault inside the Mannanam church received the mortal remains of the great man, thousands were present to pay their last homage and pray for the departed soul. We returned to an orphaned Devagiri. But we all had the satisfaction that we were indeed blessed to have lived in the shadow of a great man, made in His own image !

# ഫാദർ തിയോഡോഷ്യസ് അനുസ്മരണ സമിതി
# ഒരു സംക്ഷിപ്ത റിപ്പോർട്ട്

**തിയോഡോഷ്യസച്ചനെക്കുറിച്ചുള്ള ദീപ്തസ്മരണകൾ** നിലനിർത്തുന്നതിനായി 2003 ഒക്ടോബർ 22ന് പ്രൊഫ. എം.ടി. ഇമ്മാനുവലിന്റെ അധ്യക്ഷതയിൽ ചാവറ ഹാളിൽ ചേർന്ന യോഗത്തിൽ ഫാ. തിയോഡോഷ്യസ് അനുസ്മരണ സമിതി രൂപീകരിച്ചു. പ്രൊഫ. പി.കെ.ജി. വിജയറാം, അഡ്വ. ഏ. ശങ്കരൻ, എം. രാധാകൃഷ്ണൻ നായർ, ശ്രീ. പി.പി. വിശ്വനാഥൻ നായർ, ശ്രീ.വി. നാരായണൻ എന്നിവരെ യഥാക്രമം പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സെക്രട്ടറി ജോയന്റ് സെക്രട്ടറി, ഖജാൻജി എന്നീ സ്ഥാനങ്ങളിലേക്കും പ്രൊഫ. എം.ടി. ഇമ്മാനുവൽ, പ്രൊഫ. വിഷ്ണുനാരായണൻ നമ്പൂതിരി, ഡോ. സി. അശോകൻ നമ്പ്യാർ, ശ്രീ. പി.ജെ. മാത്യു, ശ്രീ. എൻ.സി.ജോസ്, ഡോ. ആർ. വിശ്വനാഥൻ, പ്രൊഫ. പി. ജയേന്ദ്രൻ, ഡോ. സി.പി.ശിവദാസ്, ശ്രീ. സാംതോമസ്, പ്രൊഫ. കെ. കോയട്ടി, പ്രൊഫ. അലക്സാണ്ടർ സഖറിയാസ് എന്നിവരെ എക്സി. കമ്മിറ്റി അംഗങ്ങളായും തിരഞ്ഞെടുത്തു.

### തിയോഡോഷ്യസ് അച്ചന്റെ 40-ാം ചരമവാർഷികാചരണം

2003 നവംബർ 10 പ്രൊവിൻഷ്യാൾ ഡോ. മാത്യു ചാലിൽ, സി.എം.ഐയുടെ അധ്യക്ഷതയിൽ ചാവറഹാളിൽ ചേർന്നയോഗത്തിൽ 40-ാം ചരമ വാർഷികം ആചരിച്ചു. കേരള യുണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. ജെ.വി. വിളനിലം മുഖ്യപ്രഭാഷണവും പ്രൊഫ. വിഷ്ണു നാരായണൻ നമ്പൂതിരി അനുസ്മരണ പ്രഭാഷണവും നടത്തി. ശ്രീ.സി. കൃഷ്ണൻ നമ്പൂതിരി, പ്രൊഫ. എം.ടി. ഇമ്മാനുവൽ, പ്രൊഫ. മാത്യു താമരക്കാട് എന്നിവർ പ്രസംഗിച്ചു.

### 2004 ലെ അനുസ്മരണ യോഗം

നവംബർ 10ന് ചേർന്ന അനുസ്മരണ യോഗത്തിൽ ശ്രീ. പി.ടി. മധുസൂദനക്കുറുപ്പ്, ഡോ. കെ.ടി. വിജയമാധവൻ, ദേവഗിരി കോളേജ് പ്രിൻസിപ്പൽ ഫാ. ജോസഫ് വയലിൽ എന്നിവർ പങ്കെടുത്തു.

### ടൗൺഹാളിൽ ഫോട്ടോ അനാച്ഛാദനം

2005 ജൂലായ് ഒന്നാം തിയ്യതി മേയർ ശ്രീ. തോട്ടത്തിൽ രവീന്ദ്രന്റെ അധ്യക്ഷതയിൽ ടൗൺഹാളിൽ നടത്തിയ യോഗത്തിൽ തിയോഡോഷ്യസച്ചന്റെ ശിഷ്യൻ കൂടിയായ താമരശ്ശേരി ബിഷപ്പ് മാർപോൾ ചിറ്റിലപ്പിള്ളി പ്രിൻസിപ്പലച്ചന്റെ ഛായാചിത്രം ടൗൺഹാളിൽ അനാച്ഛാദനം ചെയ്തു. പ്രൊഫ. കെ.എ. ജലീൽ, റവ. ഡോ. ഫ്രാൻസിസ് തോണി








*പ്രൊഫ. വിഷ്ണുനാരായണൻ നമ്പൂതിരി ഫാദർ തിയോ ഡോഷ്യസ് അനുസ്മരണ സമ്മേളനത്തിൽ പ്രസംഗിക്കുന്നു. പ്രൊഫ. മാത്യു താമരക്കാട്, ഡോ. ജെ.വി. വിളനിലം, ഫാദർ മാത്യു ചാലിൽ, പ്രൊഫ. പി.കെ.ജി. വിജയറാം, ടി. കൃഷ്ണൻ നമ്പൂതിരി എന്നിവർ വേദിയിൽ*

പ്പാറ, പ്രൊഫ. എം.ടി. ഇമ്മാനുവൽ, ഡോ. സി. പി. ശിവദാസ്, പ്രൊഫ. നൈനാൻ തോമസ്, ഡോ. തോമസ് കെ. സെബാസ്റ്റ്യൻ കരിപ്പാപ്പറമ്പിൽ, അച്ചന്റെ സഹോദരി പ്രൊഫ. ത്രേസ്യാമ്മ കുര്യൻ, അഡ്വ. എൻ.കെ. സചീന്ദ്രനാഥ് എന്നിവർ പ്രസംഗിച്ചു. 'നവരസലോകം' സൃഷ്ടിച്ച പ്രതിഭയായിരുന്നു ഫാ. തിയോഡോഷ്യസെന്ന് മുഖ്യപ്രഭാഷണം നടത്തിയ പ്രൊഫ. സുകുമാർ അഴീക്കോട് പറഞ്ഞു.

2005-ൽ ദേവഗിരി കോളേജ് സുവർണ ജൂബിലിയോടനുബന്ധിച്ച് നവംബർ 10 ന് പൂർവ വിദ്യാർഥി ദിനം വിപുലമായി കോളേജിൽ വെച്ചു നടത്തിയതിൽ അനുസ്മരണ സമിതി പൂർണമായി സഹകരിക്കുകയുണ്ടായി. ആ വർഷം പ്രത്യേകം ആഘോഷം സംഘടിപ്പിക്കുകയുണ്ടായില്ല.

2006 നവംബർ 10ന് ചാവറഹാളിൽ നടത്തിയ യോഗത്തിൽ പ്രൊഫ സെബാസ്റ്റ്യൻ പി.ജോസഫ് അധ്യക്ഷത വഹിച്ചു. മുൻ അധ്യാപകരായ പ്രൊഫ. എം.ഒ. ദേവസി, ഫാ. മാരിനൂസ്, ശ്രീ. പി.ടി. ചെറിയാൻ എന്നിവരെ അനുസ്മരിച്ച് പ്രൊഫ. പി.കെ.ജി. വിജയറാം സംസാരിച്ചു. 'സ്വാശ്രയ വിദ്യാഭ്യാസമേഖല - കേരളത്തിൽ' എന്ന വിഷയത്തെക്കുറിച്ച് പ്രൊഫ. കെ.കെ. അബ്രഹാം മുഖ്യപ്രഭാഷണം നടത്തി.

2007 നവംബർ 10 വെള്ളിയാഴ്ച നടത്തിയ അനുസ്മരണ പ്രഭാഷണത്തിൽ കേണൽ പി. എൻ.ആയില്യത്ത് അധ്യക്ഷത വഹിച്ചു. 61-62ൽ കോളേജ് യൂണിയൻ ചെയർമാൻ ആയിരുന്ന കേരള ആരോഗ്യവകുപ്പ് സെക്രട്ടറി ശ്രീ. വി. വിജയചന്ദ്രൻ മുഖ്യപ്രഭാഷണം നടത്തി.

2008 നവംബർ 10 ന് ഫാ. സെബാസ്റ്റ്യൻ പൂണോലി, സി.എം.ഐ.യുടെ അധ്യക്ഷതയിൽ നടത്തിയ അനുസ്മരണ സമ്മേളനത്തിൽ ശ്രീ.സി.കെ. രാമചന്ദ്രൻ ഐ.എ.എസ്. 'ആഗോളവൽക്കരണം പുനർവിചിന്തനം' എന്ന വിഷയത്തെ അധികരിച്ച് മുഖ്യപ്രഭാഷണം നടത്തി. മുൻ വിദ്യാർഥിയും കോളേജ് യൂണിയൻ സെക്രട്ടറിയുമായിരുന്ന ശ്രീ. വി.പി. രാജഗോപാലൻ കിടാവ് അനുസ്മരണ പ്രഭാഷണവും ദേവഗിരി കോളേജ് പ്രിൻസിപ്പൽ ഫാ. ജോസഫ് കപ്പലുമാക്കൽ ആശംസാപ്രസംഗവും നടത്തി.

2009 നവംബർ 10 ചൊവ്വാഴ്ച പ്രൊഫ. പി.കെ. ജി. വിജയറാമിന്റെ അധ്യക്ഷതയിൽ നടത്തിയ യോഗത്തിൽ പൂർവ വിദ്യാർഥി ഷെവലിയർ പ്രൊഫ. ജോർജ് മേനാച്ചേരി 'കേരള സംസ്കാരവും മാധ്യമങ്ങളും' എന്ന വിഷയം അവതരിപ്പിച്ചു. ദേവഗിരി കോളേജ് പ്രിൻസിപ്പൽ ഫാ. ബേബി മാത്യു കളരിക്കൽ, അച്ചന്റെ തേവര കോളേജിലെ പൂർവ വിദ്യാർഥി ജോൺ കെ. ജോൺ, ദേവഗിരിയിലെ പൂർവ വിദ്യാർഥി കെ. ജെ. ജോർജ് എന്നിവരും പ്രസംഗിച്ചു. ഫാ. തിയോഡോഷ്യസ് ജന്മശതാബ്ദിയാഘോഷം ഉദ്ഘാടന യോഗത്തിൽ നവം. 19 വെള്ളിയാഴ്ച ദേവഗിരികോളേജ് പ്രിൻസിപ്പൽ ഫാ. ബെന്നി സെബാസ്റ്റ്യൻ, സി.എം.ഐ, അധ്യക്ഷത വഹിച്ചു. ദേവഗിരിയിലെ പൂർവ വിദ്യാർത്ഥിയും പൂർവ അധ്യാപകനും യു.എൻ. കൺസൾട്ടന്റ് (ഫുഡ് ഏന്റ് അഗ്രിക്കൾച്ചർ ഓർഗ

   

***അന്തരിച്ച മുൻ സമിതി അംഗങ്ങൾ:*** *ഇടത്തുനിന്ന് ഡോ. സി.പി. ശിവദാസ്, ഡോ. ആർ. വിശ്വനാഥൻ, പ്രൊഫ. അലക്സാണ്ടർ സക്കറിയാസ്, പ്രൊഫ. എം.ടി. ഇമ്മാനുവൽ*

നൈസേഷൻ, റോം) ആയിരുന്ന ഡോ.കെ.പി.പ്രഭാകരൻ നമ്പ്യാർ അനുസ്മരണ പ്രഭാഷണം നടത്തി. കരിപ്പാപ്പറമ്പിൽ കുടുംബയോഗം പ്രസിഡണ്ട് ശ്രീ. തോമസ് ജേക്കബ്ബ്, ശ്രീ.ബി. ഗോപാലകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

സമിതിയുടെ ആഭിമുഖ്യത്തിൽ 2004 മേയ് 11 ന് പ്രൊഫ. സി. എ. ഷെപ്പേർഡിന്റെ 25-ാം ചരമവാർഷികം ആചരിക്കുകയുണ്ടായി. രാവിലെ 7 മണിക്ക് വെസ്റ്റ്ഹിൽ സെമിത്തേരിയിലെ അനുസ്മരണ പ്രാർഥനയ്ക്ക് ചാവറ സെന്റർ സ്ഥാപക ഡയറക്ടർ ഫാ.ജോബ് മൈലാടിയിൽ കാർമികത്വം വഹിച്ചു. പ്രൊഫ. പി.കെ.ജി. വിജയറാം, പ്രൊഫ. വിഷ്ണു നാരായണൻ നമ്പൂതിരി, ഡോ. ആർ. വിശ്വനാഥൻ, പ്രൊഫ. പി. ജയേന്ദ്രൻ, പ്രൊഫ പി.പി. ജോൺ, പ്രൊഫ. പി.കെ. ഹരിദാസ്, ശ്രീ. വി. നാരായണൻ, പ്രൊഫ. സി. എസ്. ജോസഫ്, പ്രൊഫ. കെ.പി. ജയചന്ദ്രൻ തുടങ്ങിയവർ പങ്കെടുത്തു. വൈകുന്നേരം ഫാ. മാത്യു ചാലിൽ, സി.എം.ഐയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം പ്രസിദ്ധ എഴുത്തുകാരി ശ്രീമതി റോസി തോമസ് ഉദ്ഘാടനം ചെയ്തു. ഡോ. ആർ. വിശ്വനാഥൻ, ഡോ. സി.പി. ശിവദാസ്, പ്രൊഫ. എം.ടി. ഇമ്മാനുവൽ എന്നിവർ പ്രസംഗിച്ചു. ശ്രീ. പി. പി. ശ്രീധരനുണ്ണി പ്രൊഫ. ഷെപ്പേർഡിനെക്കുറിച്ച് ഒരു കവിത പാരായണം ചെയ്തു. പ്രൊഫ. പി.കെ.ജി. വിജയറാം സ്വാഗതവും ശ്രീ. എം. രാധാകൃഷ്ണൻ നന്ദിയും പറഞ്ഞു.

2005 ആഗസ്റ്റ് മാസം 8 ന് ശനിയാഴ്ച ഡോ. ആർ. വിശ്വനാഥൻ അനുസ്മരണം നടത്തി. മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലർ ഡോ. ജാൻസി ജെയിംസ് യോഗം ഉദ്ഘാടനം ചെയ്തു. ശ്രീ. ആറ്റൂർ രവിവർമ, പ്രൊഫ. കെ.ജി. ശങ്കരപ്പിള്ള, ഡോ. ജെയിംസ് ജോസഫ്, പ്രൊഫ. വിഷ്ണുനാരായണൻ നമ്പൂതിരി, ഡോ. സി. രാജേന്ദ്രൻ, ശ്രി. എം.എൻ. പാലൂർ എന്നിവർ പ്രസംഗിച്ചു. യോഗത്തിൽ പ്രൊഫ. വിഷ്ണു നാരായണൻ നമ്പൂതിരിയെ ഉപഹാരം നൽകി ആദരിച്ചു.

2008 ജനുവരി 11 ന് ദേവഗിരി കോളേജ് പ്രഥമ വൈസ് പ്രിൻസിപ്പൽ ഫാ. റെയ്നോൾഡ്സിന്റെ ജന്മശതാബ്ദി ആഘോഷിച്ചു. ശ്രീ. സി. കെ. രാമചന്ദ്രൻ, ഐ.എ.എസ്, മുഖ്യപ്രഭാഷണം നടത്തി. പ്രൊഫ. പി.കെ.ജി. വിജയറാം, പ്രൊഫ. എം.ടി. ഇമ്മാനുവൽ എന്നിവരും പ്രസംഗിച്ചു.

2009 ലെ ഏറ്റവും നല്ല ഡോക്ടർ ബഹുമതിക്ക് അർഹനായ ഡോ. സി. അശോകൻ നമ്പ്യാർക്ക് ജൂലായ് 13 വെള്ളിയാഴ്ച അളകാപുരിയിൽ സ്വീകരണം നൽകി. ഡോ. കെ.ടി. വിജയമാധവൻ, പ്രൊഫ. മാത്യു താമരക്കാട്, പ്രൊഫ. എം.കെ. മത്തായി, പ്രൊഫ. എം.ടി. ഇമ്മാനുവൽ, ശ്രീ. പി.ജെ. മാത്യു, ശ്രീമതി റോസക്കുട്ടി അലക്സാണ്ടർ എന്നിവർ യോഗത്തിൽ പ്രസംഗിച്ചു.

അധ്യാപനരംഗത്ത് 50 വർഷത്തെ മികച്ച സേവനം പൂർത്തിയാക്കിയ പ്രൊഫ. എം.ടി. ഇമ്മാനുവലിന് 2005 മാർച്ച് 21-ന് ഫാ.തിയോഡോഷ്യസ് അനുസ്മരണ സമിതിയുടെ ആഭിമുഖ്യത്തിൽ അളകാപുരി ഹോട്ടലിൽവെച്ച് നൽകിയ സ്വീകരണത്തിൽ സഹപ്രവർത്തകരും മാസ്റ്ററുടെ ശിഷ്യന്മാരും പങ്കെടുത്തു. (സമിതിയുടെ പ്രവർത്തനങ്ങളിൽ പ്രൊഫസറുടെ സേവനം ഞങ്ങൾ നന്ദിപൂർവ്വം സ്മരിക്കുന്നു.) ഫാ.ജോബ് മൈലാടിയിൽ, പ്രൊഫ. മാത്യു താമരക്കാട്, പ്രൊഫ. അലക്സാണ്ടർ സഖറിയാസ്, പ്രൊഫ. ജോബ് കാട്ടുർ, ശ്രീ.പി.പി. പ്രഭാകരൻ, ശ്രീ. എൻ.വേലായുധൻ നായർ തുടങ്ങിയവർ സംസാരിച്ചു.

ദേവഗിരി കോളേജ് മാനേജർ ഫാ. റിച്ചാർഡ് സി.എം.ഐ, പ്രിൻസിപ്പൽമാരായ ഫാ. ആന്റണി, ഫാ. മെലാനിയൂസ്, അധ്യാപകരായ പ്രൊഫ. എം.ഒ. ദേവസ്സി, പ്രൊഫ. പി.ജെ. സെബാസ്റ്റ്യൻ, ഫാ. ആബേൽ, സി.എം.ഐ., പ്രൊഫ. എം.കെ. ഇട്ടൂപ്പ്, ഡോ. ആർ. വിശ്വനാഥൻ എന്നിവരുടെ നിര്യാണത്തിൽ ഫാ. തിയോഡോഷ്യസ് അനുസ്മരണ സമിതിയുടെ ആഭിമുഖ്യത്തിൽ അനുശോചന യോഗങ്ങൾ നടത്തിയിരുന്നു. പ്രൊഫ. എം.ടി. ഇമ്മാനുവൽ, ഡോ. സി.പി. ശിവദാസ്, ഡോ. ആർ. വിശ്വനാഥൻ, പ്രൊഫ. അലക്സാണ്ടർ സഖറിയാസ് എന്നിവർ സമിതി രൂപീകരിക്കുന്നതിലും യോഗങ്ങൾ സംഘടിപ്പിക്കുന്നതിലും പ്രമുഖ പങ്ക് വഹിച്ചവരാണ്. അവരുടെ പാവനസ്മരണയ്ക്ക് മുമ്പിൽ ഞങ്ങൾ ആദരാഞ്ജലി അർപ്പിക്കുന്നു.

ആരുടേയും പേരെടുത്ത് പറയുന്നില്ല - സമിതിയുടെ പ്രവർത്തനങ്ങളിൽ ആത്മാർഥമായി സഹകരിച്ച എല്ലാവർക്കും, വിശിഷ്യ ചാവറ കൾച്ചറൽ സെന്റർ ഭാരവാഹികൾ, കരിപ്പാപ്പറമ്പിൽ കുടുംബയോഗം ഭാരവാഹികൾ, ദേവഗിരി കോളേജ് അധികൃതർ എന്നിവരോട് സമിതിക്ക് അകൈതവമായ നന്ദിയുണ്ട്.

**എം. രാധാകൃഷ്ണൻ നായർ**
സെക്രട്ടറി

*Printed at* Geethanjali Offset Prints, Calicut - 55, and *published by* M. Radhakrishnan Nair, Secretary Fr. Theodosius Memorial Committee, Amalapuri, Calicut -1. *Cover & Layout*: Maya Creative Mind, Calicut.

# THE FR. THEODOSIUS MEMORIAL COMMITTEE IN THE CENTENNIAL YEAR:



*Sitting from left:* Prof. Catherine Joseph, Prof. P.K.G. Vijayaram (President), Mr. C. Madhavan, Dr. K.T. Vijayamadhavan, Fr. Joseph Paikada,CMI, (Manager, St. Josheph's College, Devagiri), Fr. Benny Sebastian Thottanani, CMI (Principal), Dr. C. Asokan Nambiar, Mr. V. Ahammed Kutty and Fr. Jose Edappadiyil, CMI.
*Standing:* Prof. K.P. Jayachandran, Prof. P. Jayendran, Mr. P.J. Mathew (Editor), Mr. Dominic Sebastian Karippaparambil, Mr. M. Radhakrishnan Nair (Secretary), Lt. Col. P.N. Ayillyath, Mr. P.P. Viswanathan (Joint Secretary) Mr. V. Narayanan (Treasurer) and Mr. Sam Thomas.



राष्ट्रीय मूल्यांकन एवं प्रत्यायन परिषद
विश्वविद्यालय अनुदान आयोग का स्वयत्त संस्थान
NATIONAL ASSESSMENT AND ACCREDITATION COUNCIL
An Autonomous Institution of the University Grants Commission

Certificate of Accreditation

The Executive Committee of the National Assessment and Accreditation Council on the recommendation of the duly appointed Peer Team is pleased to declare the St. Joseph's College Devagiri, Calicut, affiliated to University of Calicut, Kerala as Accredited with CGPA of 3.63 on four point scale at A grade valid up to January 07, 2016

Date : January 08, 2011

Director

Printed at Geethanjali Offset Calicut, Ph: 0495 2481006




St. Joseph's College Devagiri 2011
Front cover: The College in 1956

FR. THEODOSIUS MEMORIAL COMMITTEE, CALICUT.




Indic Digital Archive Foundation
gpura.org